SOCIAL JUSTICE DEPARTMENT
care, protection & empowerment

# സുനീതി


ത്രൈമാസ വാർത്താപത്രിക
സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധീകരണം

ലക്കം 8
ജനുവരി 2021




ഡിജിറ്റൽ
പതിപ്പിനായി
ക്യു. ആർ. കോഡ്
സ്കാൻ ചെയ്യുക



**ഷീബ ജോർജ് ഐ എ എസ്**
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്

2021 ലെ ആദ്യ സുനീതി പ്രസിദ്ധീകരിക്കുകയാണ്. ഈ ലക്കം പുറത്തിറക്കുമ്പോൾ കഴിഞ്ഞ ഒരു വർഷത്തിലേറെയായി ലോകത്തെ ബാധിച്ച മഹാമാരിയെ തുരത്താനുള്ള ശാസ്ത്ര ലോകത്തിന്റെ പരിശ്രമങ്ങൾ ഫലം കണ്ടു തുടങ്ങിയതിന്റെ സന്തോഷം വളരെയുണ്ട്. 2021 അവസാനിക്കുമ്പോൾ പഴയ നല്ലദിനങ്ങളിലേയ്ക്കു നമ്മൾ തിരികെ എത്തും എന്നു പ്രത്യാശിക്കാം.

ഭിന്നശേഷി ദിനാഘോഷം സമുചിതമായി ആഘോഷിക്കാൻ കഴിഞ്ഞത് വകുപ്പിന്റെ വേറിട്ട നേട്ടമായിരുന്നു. വെർച്ച്വൽ സംവിധാനത്തിലൂടെ വിവിധ പരിപാടികളാൽ ദിനാഘോഷം വലിയ ആഘോഷമാക്കി മാറ്റാൻ സാധിച്ചു. ഭിന്നശേഷിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഡിസംബർ 1 മുതൽ ഒരു മാസം നീണ്ടു നിന്ന വെബിനാറുകൾ ഏറെപ്പേർക്കും പ്രയോജനകരമായി മാറിയെന്നത് തീർച്ചയാണ്. ഭിന്നശേഷിയുള്ളവർക്ക് സഹതാപമല്ല സമാന ഭാവത്തോടെയുള്ള സമീപനമാണ് വേണ്ടത് എന്ന സാമൂഹികപ്രതിബദ്ധതക്ക് ഊന്നൽ നൽകാൻ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. ഭിന്നശേഷി ഗർഭാവസ്ഥയിൽ തന്നെ തിരിച്ചറിയുവാനും, ആരംഭത്തിൽ തന്നെ ഇടപെടൽ നടത്തുവാനും ഉള്ള ആധുനിക സൗകര്യങ്ങൾ ഉണ്ടെങ്കിലും, വിവിധ ഭിന്നശേഷികളെപ്പറ്റിയുള്ള ബോധവൽക്കരണത്തിന് ഇനിയും കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

'ഉണർവ്വ് 2020'-ലെ വിഷയങ്ങൾ ഭിന്നശേഷിക്കാർക്ക് മാത്രമല്ല രക്ഷിതാക്കൾക്കും ഉണർവ്വും പ്രതീക്ഷയും നൽകുന്നതായിരുന്നു. പരിമിതികളില്ലാതെ ഉന്നതിയിലേയ്ക്ക് മുന്നേറുവാൻ, ഭിന്ന ശേഷിക്കാർക്കായി ആരംഭിച്ച 'കൈവല്യ' പദ്ധതിയും 'ശ്രവൺ' പദ്ധതിയും ഭിന്നശേഷി സൗഹൃദ കേരളം എന്ന ലക്ഷ്യത്തിന്റെ മറ്റൊരു നാഴികക്കല്ലാണ്.

വയോജന സൗഹൃദ കൂട്ടായ്മകൾ രൂപീകരിക്കുന്നതിന് 'സായന്തനം' വയോജന പാർക്ക് ഒരു തുടക്കമാവുകയാണ്. Economic Empowerment Hub for Transgender എന്ന കരിയർ കോഴ്സ് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ തൊഴിൽ സാധ്യത നൽകുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഈ പദ്ധതി ഉപകാരപ്രദവുമാണ്.

പ്രൊബേഷൻ ദിനാചരണത്തിൻെറ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ സാമൂഹ്യ പ്രതിരോധ മേഖലയിൽ കൂടുതൽ അവബോധം നൽകുന്നവ യായിരുന്നു.

ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. ഈ സ്ഥാപനങ്ങൾ 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. കൂടുതൽ ഫലപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇത് അത്യാവശ്യമാണ്.

വിനോദവും വിജ്ഞാനവും ഉൾപ്പെട്ട 8-ാം ലക്കം സുനീതി, വായനക്കാർക്കും വകുപ്പിലെ ജീവനക്കാർക്കും പ്രയോജനപ്രദമാകട്ടെ യെന്ന് ആഗ്രഹിക്കുന്നു.

പുതുവത്സരാശംസകളോടെ.

## ഉള്ളടക്കം


കോവിഡ് വാക്സിനും മുതിർന്ന പൗരൻമാരും..................1
പദ്ധതികൾ..................3
'ഉണർവ്വ് 2020'..................4
ഇ 2 ഹബ്..................5
കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള സംസാര-ഭാഷ വികസനം..................6
നേർവഴി..................8
മഴ (കവിത)..................9
സ്മരണാന്തം (കഥ)..................10
പ്രഥമ രാത്രി (കവിത)..................11
സായന്തനം..................11
പ്രവർത്തന റിപ്പോർട്ട്..................14
ശ്രവണം മധുരം..................15
തളരാത്ത വീര്യം..................16
സ്നേഹതീരം മാനസിക-സാമൂഹിക പുനരധിവാസകേന്ദ്രം..................17
ഭിന്നശേഷി സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ : എന്ത് ? എങ്ങനെ ?..................19






Chief Editor

**Sheeba George IAS**
Director, Social Justice Department
Executive Director, NISH

Editorial board

**Jalaja S.**
**Harikumaran Nair A.K.**
**Jayakumar P.**
**Chandrababu C.**
**Swapna P.**
**Kishor S. J.**
**Subhash Kumar K.V.**
**Harikumar R. S.**
**Moideen Kutty K.**
**Rineesh P.**
**Sapna K.**
**Renjith R. P.**

Editing | **Sapna K.** In-charge
Design & Layout | **Swapna P.,** Sr Graphic Artist
Centre for Communication & Media Development (CCMD), NISH

# കോവിഡ് വാക്സിനും മുതിർന്ന പൗരൻമാരും






**ഡോ.ബിപിൻ കെ. ഗോപാൽ**
സ്റ്റേറ്റ് നോഡൽ ഓഫീസർ,
സ്റ്റേറ്റ് എൻ.സി.ഡി. ഡിവിഷൻ
NRHM ഡയറക്ടറേറ്റ്

കഴിഞ്ഞ ഒരു വർഷമായി ആഗോള തലത്തിൽ മനുഷ്യരാശിയെ ആശങ്കയുടെ മുൾമുനയിൽ നിർത്തിയ ഒരു മഹാമാരിയാണ് കോവിഡ്–19. ചൈനയിലെ വുഹാനിൽ നിന്ന് പൊട്ടിപുറപ്പെട്ട് ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പടർന്നു പിടിച്ച ഈ മഹാമാരിക്കു മുന്നിൽ 23 ലക്ഷത്തിലേറെ വിലപ്പെട്ട മനുഷ്യജീവനുകളാണ് പൊലിഞ്ഞു പോയത്. വികസിതവും വികസ്വരവുമായ രാജ്യങ്ങളിൽ ഒരുപോലെ നാശം വിതച്ച ഈ വൈറസിനു മുന്നിൽ ശാസ്ത്ര ലോകം പോലും വിറങ്ങലിച്ചു നിൽക്കുന്ന അവസ്ഥയാണ് സംജാതമായത്. കേരളത്തിലും കോവിഡ് രോഗം പത്ത് ലക്ഷത്തോളം പേരെ ബാധിക്കുകയും മൂവായിരത്തിലേറെ മരണങ്ങൾക്കും കാരണമായി. കോവിഡ്–19 ന് എതിരെ ഫലപ്രദമായ ഒരു ചികിത്സ രീതി കണ്ട് പിടിക്കുന്നതിൽ ശാസ്ത്ര ലോകം ഇന്നും വിജയം കണ്ടെത്തിയില്ലെങ്കിലും ഒരു പ്രതിരോധ കുത്തിവെയ്പ്പ് വികസിപ്പിച്ചെടുക്കുന്നതിൽ നാം വിജയം കണ്ടിരിക്കുക യാണ്. ഈ വാക്സിൻ സാർവത്രികമാകുന്നതോടെ കോവിഡ് മഹാമാരിക്ക് ഒരു ശമനം ഉണ്ടാകുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്.

## എന്താണ് വാക്സിൻ?

ഒരു രോഗാണുവിനെതിരെ ശരീരത്തിനുള്ളിൽ പ്രതിരോധശേഷി ഉയർത്തുന്നതിന് നാം കൃത്രിമമായി നൽകുന്ന മരുന്നുകളാണ് വാക്സിനുകൾ. ഒരു സൂക്ഷ്മാണുവിനെ ചെറുക്കുന്നത് ശരീരത്തിൽ ആ രോഗത്തിന് എതിരെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ആന്റി ബോഡികളാണ്. ഒരു രോഗാവസ്ഥ ഉണ്ടാകുന്നതിന് മുന്നെ വീര്യം കുറഞ്ഞ ആ രോഗാണുവിന്റെ പ്രോട്ടീൻ ശരീരത്തിൽ പ്രവേശിപ്പിച്ച് അതിനെതിരെ ശക്തമായ ആന്റി ബോഡി ഉൽപ്പാദിപ്പിക്കപ്പെടുകയും അതിലൂടെ രോഗപ്രതിരോധശേഷി കൈവരിക്കുകയും ചെയ്യുക എന്നതാണ് വാക്സിനുകളുടെ പ്രവർത്തനരീതി.

## എന്താണ് കോവിഡ് വാക്സിൻ?

കോവിഡ് –19 സാർസ്കോവ് വിഭാഗത്തിൽപ്പെട്ട ഒരു വൈറസ് മൂലമുണ്ടാകുന്ന രോഗമാണ്. ഈ വൈറസിന്റെ പ്രതലത്തിൽ കാണുന്ന ആന്റിജനുകൾ (സ്പൈക്ക് പ്രോട്ടീൻ) ആണ് രോഗാവസ്ഥയ്ക്ക് കാരണമാകുന്നത്. ഈ സ്പൈക്ക് പ്രോട്ടീന്റെ നിർവീര്യമാക്കിയ ഒരു ഭാഗം ചിമ്പാൻസികളിൽ കുത്തിവെച്ച് ഉൽപ്പാദിപ്പിക്കുന്നതാണ് കോവിഡിനെതിരെ ഇന്ത്യയിൽ നൽകുന്ന കോവി–ഷീൽഡ് വാക്സിൻ. ഇത് ഓക്സഫോർഡ് സർവകലാശാലയും, സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും ആസ്ട്രസെനിക്ക എന്ന മരുന്നു കമ്പനിയുടെ സഹായത്തോടെ നിർമിച്ച വാക്സിനാണ്. ഭാരത് ബയോടെക് ഐസിഎംആറുമായി ചേർന്ന് തയ്യാറാക്കിയ വാക്സിനാണ് ഇന്ത്യയിൽ ഉപയോഗിക്കുന്ന രണ്ടാമത്തെ വാക്സിനായ കോവാക്സിൻ. ഇന്ത്യയിൽ തയ്യാറാക്കുന്ന ഈ വാക്സിൻ നിർവീര്യമാക്കിയ കോവിഡ് ആന്റിജനിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. രണ്ട് വാക്സിനുകളും സുരക്ഷിതമാണെന്നാണ് നാളിതു വരെയുള്ള അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മറ്റ് രീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വാക്സിനുകളും പ്രചാരത്തിലുണ്ട്.

## വാക്സിൻ ഡോസ്

28 ദിവസത്തെ അന്തരത്തിൽ 2 ഡോസുകളാണ് കോവിഡ് വാക്സിനും കോവിഡ് ഷീൽഡ് വാക്സിനുകളും എടുക്കേണ്ടത്.

## വാക്സിൻ ആർക്കൊക്കെ?

18 വയസിനു മുകളിലുള്ള എല്ലാ ജനങ്ങൾക്കും വാക്സിൻ നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിൽ ആരോഗ്യ പ്രവർത്തകർക്ക് ഒന്നാം ഘട്ടത്തിലും, കോവിഡ് മുൻനിര പ്രവർത്തകർക്ക് രണ്ടാംഘട്ടത്തിലും 50 വയസിനു മുകളിൽ പ്രായമുള്ളവർക്കും ഗുരുതരരോഗമുള്ളവർക്കും മൂന്നാം ഘട്ടത്തിലും പൊതുജനങ്ങൾക്ക് നാലാം ഘട്ടത്തിലുമാണ് വാക്സിൻ നൽകുന്നത്.

## വാക്സിൻ എങ്ങനെയെടുക്കാം?

വാക്സിൻ എടുക്കുന്നതിന് സ്ഥാപനമേധാവികൾ കോവിഡ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ഥാപനത്തിന്റെ ഏറ്റവും അടുത്തുള്ള കോവിഡ് വാക്സിൻ വിതരണ കേന്ദ്രത്തിൽ വാക്സിൻ നൽകുന്നതിനുള്ള സന്ദേശം ലഭിക്കുമ്പോൾ വാക്സിനേഷൻ നടത്താവുന്നതാണ്. വാക്സിൻ സ്വീകരിക്കാൻ രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ കാർഡോ മറ്റ് തിരിച്ചറിയൽ രേഖകൾ കൊണ്ട് വരേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ആർക്കും കോവിഡ് വാക്സിൻ നൽകുന്നതല്ല.

## കോവിഡ് വാക്സിന്റെ അനന്തരഫലങ്ങൾ?

കോവിഡ് വാക്സിൻ സ്വീകരിച്ച് 48 മണിക്കൂർ വരെ പേശിവേദന, പനി, കിടുങ്ങൽ, തലവേദന, സന്ധിവേദന, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടാകാവുന്നതാണ്. മതിയായ വിശ്രമവും പാരസെറ്റാമോൾ ഗുളികയും കൊണ്ട് ഈ പാർശ്വഫലങ്ങൾ നേരിടാവുന്നതാണ്.

## കോവിഡ് വാക്സിൻ മുതിർന്ന പൗരൻമാർക്ക്?

കോവിഡ് വാക്സിനേഷൻ മുതിർന്ന പൗരൻമാരും ജീവിതശൈലീ രോഗമുള്ളവരും സ്വീകരിക്കുന്നതിൽ വളരെയേറെ ആശങ്ക നിലനിൽക്കുന്നുണ്ട്. എന്നാൽ നാം മനസ്സിലാക്കേണ്ട ഒരു വസ്തുത, മുതിർന്ന പൗരൻമാർക്കും ഗുരുതര രോഗമുള്ളവർക്കും പ്രതിരോധശേഷി താരതമ്യേന കുറവായതിനാൽ കോവിഡ് പോലെയുള്ള മഹാമാരികൾ പടർന്നു പിടിക്കുന്നതിനും രോഗം മൂർച്ഛിക്കുന്നതിനും കാരണമാകാറുണ്ട്. അതു കൊണ്ട് തന്നെ എല്ലാ മുതിർന്ന പൗരൻമാരും ജീവിതശൈലീ രോഗമുള്ളവരും വാക്സിനേഷൻ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിൽ ഇമ്മ്യൂണിറ്റിയെ ബാധിക്കുന്ന ചികിത്സാക്രമങ്ങൾ സ്വീകരിക്കുന്നവരും അത്തരത്തിലുള്ള രോഗികളും അവശനിലയിലുള്ള കിടപ്പുരോഗികൾക്കും കുത്തിവെയ്പ്പ് ഒഴിവാക്കേണ്ടതാണ്. കാരണം അവരുടെ നിലവിലുള്ള രോഗങ്ങൾ എപ്പോൾ വേണമെങ്കിലും മൂർദ്ധന്യമാകുവാൻ സാധ്യതയുള്ളതിനാൽ വാക്സിനേഷനെ തുടർന്നുള്ള അസ്വസ്ഥതകൾ പ്രതിരോധിക്കുന്നതിന് അവർക്ക് സാധ്യമാകണമെന്നില്ല. ഈ ഗണത്തിൽ പെടാത്ത എല്ലാവർക്കും വാക്സിനേഷൻ സ്വീകരിക്കാവുന്നതാണ്.

## കെയർ ഹോമുകളിൽ വാക്സിനേഷൻ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ?

- ☐ സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലും കെയർഹോമുകളിലും അധിവസിക്കുന്ന മുതിർന്ന പൗരൻമാർക്കും രോഗികൾക്കും നിർബന്ധമായും വാക്സിനേഷൻ ലഭിക്കുന്നുവെന്ന് മാനേജ്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഇതിനായി Cowin portal- ലിൽ എല്ലാവരുടെയും പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്.
- ☐ വാക്സിൻ നൽകുന്ന തീയതിയും സ്ഥലവും വ്യക്തമായി കുറിച്ചു വയ്ക്കേണ്ടതും അനുവദിച്ചു തന്നിരിക്കുന്ന സമയത്ത് തന്നെ വാക്സിനേഷൻ കേന്ദ്രങ്ങളിൽ ആളുകളെ എത്തിക്കേണ്ടതുമാണ്. വാക്സിനേഷന് പോകുമ്പോൾ ആധാർ കാർഡും മറ്റ് തിരിച്ചറിയൽ രേഖകളും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ☐ പനിയോ കോവിഡിന്റെ ലക്ഷണങ്ങളോ ഉള്ള ആളുകൾക്ക് വാക്സിനേഷൻ ഒഴിവാക്കുന്നതാണ് ഉചിതം. കിടപ്പുരോഗികൾക്കും മൂർദ്ധന്യാവസ്ഥയിലുള്ള രോഗികൾക്കും വാക്സിനേഷൻ ഒഴിവാക്കേണ്ടതാണ്.
- ☐ ഭക്ഷണത്തിനോടോ മരുന്നിനോടോ അലർജി ഉണ്ടെങ്കിൽ അക്കാര്യം വാക്സിനേഷൻ കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതാണ്.
- ☐ വാക്സിനേഷനെ തുടർന്നുള്ള അസ്വസ്ഥതകൾ വിശ്രമം കൊണ്ടും പാരസെറ്റാമോൾ പോലുള്ള ഗുളികൾ കൊണ്ടും നിയന്ത്രിക്കാവുന്നതാണ്.
- ☐ കോവാക്സിൻ എടുക്കുന്നവർ സന്നദ്ധപത്രവും ഒപ്പിട്ട് കൊടുക്കേണ്ടതാണ്.
- ☐ വാക്സിനേഷന് കൊണ്ട് പോകുമ്പോഴും തിരികെ വരുമ്പോഴും മാസ്ക്കും സാമൂഹിക അകലം ഉൾപ്പെടെയുള്ള കോവിഡ് മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.
- ☐ വാക്സിൻ എടുത്ത് 12 മണിക്കൂർ മുതൽ 48 മണിക്കൂർ വരെ വ്യക്തികളെ നിരീക്ഷിക്കേണ്ടതും അസ്വാഭാവികതകൾ കണ്ടാൽ ആരോഗ്യവകുപ്പ് അധികൃതരെ അറിയിക്കേണ്ടതുമാണ്.

## കോവിഡ് വന്നവർക്ക് വാക്സിനേഷൻ സ്വീകരിക്കാമോ?

കോവിഡ് രോഗം വന്ന് പോയ പലർക്കും കോവിഡ് വാക്സിൻ നൽകുന്നതിൽ കുഴപ്പമില്ല. എന്നാൽ കോവിഡ് രോഗം പിടിപ്പെട്ടിരിക്കുന്ന സമയത്ത് വാക്സിനേഷൻ ഒഴിവാക്കേണ്ടതാണ്. സമൂഹത്തിൽ 60–70% വരെ ആളുകൾക്ക് വാക്സിനേഷൻ നൽകി കഴിഞ്ഞാൽ ഒരു herd immunity ഉണ്ടാക്കുന്ന ഒന്നാണ്. അതുകൊണ്ട് തന്നെ വാക്സിനേഷൻ ഒഴിവാക്കേണ്ടി വരുന്ന ജനവിഭാഗത്തിന് ഇതിലൂടെ സംരക്ഷണം ലഭിക്കുന്നതാണ്. കോവിഡ് വാകിസിനേഷൻ എടുത്താലും 42 ദിവസം വരെയെടുക്കും ആന്റിബോഡികൾ ഉൽപ്പാദിപ്പിക്കപ്പെടുവാൻ. അതു കൊണ്ട് തന്നെ വാക്സിൻ എടുത്താലും, മാസ്ക്, കൈകഴുകൽ, സാമൂഹിക അകലം തുടങ്ങിയ കോവിഡ് മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

# പദ്ധതികൾ

## കൈവല്യ പദ്ധതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ പരിശീലനം നല്കുന്ന പദ്ധതിയാണ് കൈവല്യ.

നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് (കേരള) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന് കീഴിൽ പലിശ രഹിത വായ്പയായി 50000/- രൂപ 5 വർഷക്കാലയളവിലേക്ക് ലഭ്യമാക്കുന്നു. 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിത്വമുള്ളവർക്കും, 21 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർക്കും, രണ്ട് ലക്ഷത്തിന് താഴെ വാർഷിക വരുമാനമുള്ളവർക്കുമാണ് വായ്പ നല്കുന്നത്. 25000/- രൂപ സബ്സിഡി ലഭ്യമാണ്. തിരിച്ചടവ് 25000/- രൂപയാണ്.

ഈ പദ്ധതിയിൽ 2016 മുതൽ അപേക്ഷകരായ 7449 പേർക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം ഒറ്റത്തവണയായി ലോൺ ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പിന്റെ ചുമതലയുള്ള തൊഴിൽ നൈപുണ്യ വകുപ്പ് മന്ത്രി ശ്രീ. ടി. പി രാമകൃഷ്ണനും, ബഹു. ആരോഗ്യ സാമൂഹ്യ നീതി വകുപ്പ് മന്ത്രിയും ചർച്ച നടത്തുകയും തീരുമാനിക്കുകയും ചെയ്തു. അതിൻ പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും, എംപ്ലോയ്മെന്റ് ഡയറക്ടറുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

കൈവല്യ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ഒക്ടോബർ 30 ന് രാവിലെ 9.30 ന് ബഹു. തൊഴിൽ നൈപുണ്യ വകുപ്പ് മന്ത്രി ശ്രീ. ടി. പി രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ബഹു. ആരോഗ്യ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഉദ്ഘാടനം നടത്തുകയും ചെയ്തു. ഇതുവരെ 2744 പേർക്കായി 13.72 കോടി രൂപ നൽകുകയുണ്ടായി.





## 'ശ്രാവൺ' പദ്ധതി

കേൾവി പരിമിതി നേരിടുന്ന 1000 പേർക്ക് ഇയർമോൾഡോടുകൂടിയ ഡിജിറ്റൽ ഹിയറിംഗ് എയിഡുകൾ വിതരണം ചെയ്യുന്ന, വികലാംഗക്ഷേമ കോർപ്പറേഷന്റെ 'ശ്രാവൺ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കേരളപിറവി ദിനമായ നവംബർ 1 ന് രാവിലെ 11.45 ന് ബഹു. ആരോഗ്യ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഓൺലൈൻ വഴി ഉദ്ഘാടനം ചെയ്തു.. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് തുടങ്ങിയ ജില്ലകളിൽ ഡിജിറ്റൽ ഹിയറിംഗ് എയിഡുകൾ വിതരണം നടത്തുകയും ചെയ്തു.





# "ഉണർവ് 2020"

## ഭിന്നശേഷി ദിനാഘോഷം

ഡിസംബർ 3 - 31 , 2020

ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3 എല്ലാ വർഷവും സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സമുചിതമായി ആഘോഷിക്കാറുള്ളതാണ്. എന്നാൽ കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ ആഘോഷങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെയും, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വിവിധങ്ങളായ പരിപാടികളോടെയാണ് സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. കോവിഡ് കാലഘട്ടം എല്ലാവിധ ജന സമൂഹത്തേയും പ്രതികൂലമായി ബാധിച്ചു എങ്കിലും, ഭിന്നശേഷിക്കാരായ ആളുകളെ തീർത്തും നിരാശയിലേക്ക് തള്ളി വിടുന്ന തരത്തിൽ ബാധിച്ചിരുന്നു എന്നത് യാഥാർത്ഥ്യമാണ്.

കോവിഡ് കാലഘട്ടത്തിൽ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങേണ്ടി വന്നത് ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരിക മാനസിക പ്രവർത്തനങ്ങളെ ഒരു പരിധിവരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഭിന്നശേഷി ദിനാഘോഷം അവരിൽ ഉണർവും പ്രതീക്ഷയും നിറക്കുന്ന അനുഭവമായി മാറ്റണം എന്ന ലക്ഷ്യത്തോടെയാണ് സാമൂഹ്യനീതി വകുപ്പ് 'ഉണർവ്വ് 2020' എന്ന പേരിൽ വിവിധ പരിപാടികൾ കോർത്തിണക്കിക്കൊണ്ട് ഭിന്നശേഷി ദിനാഘോഷ പരിപാടികൾക്ക് നേതൃത്വം നൽകിയത്. ഒറ്റ ദിവസത്തെ പരിപാടിയായി ദിനാഘോഷം ഒതുക്കി നിർത്താതെ ഒരു മാസം നീണ്ടുനിൽക്കുന്ന വിഭിന്നങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഇതു വഴി സാധിച്ചു.

### കലാപരിപാടികൾ

താഴെപ്പറയുന്ന ഇനങ്ങളിലാണ് ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചത്.

- **ഷോർട്ട് ഫിലിം** : സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, എസ്.എസ്.കെ, VTC, ക്ഷേമ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന 2 മിനുട്ടിൽ കുറയാത്തതും 5 മിനുട്ടിൽ കൂടാതെയുമുള്ള ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. ഷോർട്ട് ഫിലിമിൽ 80% പേർ ഭിന്നശേഷിക്കാർ ആയിരിക്കണം എന്ന് നിബന്ധനയുണ്ടായിരുന്നു.
- പോസ്റ്റർ രചന മൽസരം: എല്ലാ വിഭാഗത്തിലും പെട്ട ഭിന്നശേഷിക്കാരായ ആളുകൾക്ക് പങ്കെടുക്കാവുന്ന പരിപാടിയായാണ് ഇത് നടപ്പിലാക്കിയത്.
- സിങ്കിൾ ഡാൻസ്: ബൗദ്ധിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ ആളുകൾക്ക് മാത്രം വേണ്ടിയാണ് ഈ മൽസരം സംഘടിപ്പിച്ചത്.
- മോണോ ആക്ട്
- മിമിക്രി

എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും ഒരു പരിപാടിയിലെങ്കിലും പങ്കെടുക്കാൻ പറ്റുന്ന തരത്തിലാണ് മൽസര ഇനങ്ങൾ തെരഞ്ഞെടുത്തത്. ജില്ലാ തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികളാകുന്ന ഒന്നും രണ്ടും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡ് നൽകുകയും, ഇവരുടെ പ്രകടനം സംസ്ഥാന തലത്തിലേക്ക് അയക്കുകയും ചെയ്തു. സംസ്ഥാന തലത്തിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുകയും, മറ്റ് എല്ലാവർക്കും മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. പരിപാടിയോട് മികച്ച പ്രതികരണമാണ് ജില്ലകളിൽ നിന്നും ഉണ്ടായത്.

### വെബിനാർ പരമ്പര

ഭിന്നശേഷി മേഖലയിലെ വിവിധ വിഷയങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു വെബിനാർ പരമ്പര 'ഉണർവ്വ് 2020'ന്റെ ഭാഗമായി സംഘടിപ്പിച്ചു. ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016 ൽ പറഞ്ഞിരിക്കുന്ന വിവിധ ഭാഗങ്ങളും വെബിനാറിനു വിഷയമാക്കി. വെബിനാറിൽ ഈ മേഖലയിലെ വിദഗ്ധരായ വ്യക്തികൾ വിഷയങ്ങൾ കൈകാര്യം ചെയ്തു. സൂം മീറ്റ് പ്ലാറ്റ്ഫോം ഉപയോഗിച്ച് നടത്തിയ വെബിനാറുകളിലെല്ലാം ആളുകളുടെ വൻ പങ്കാളിത്തം തന്നെ ഉണ്ടായിരുന്നു. വിവധ ദിനങ്ങളിലായി 7 വെബിനാറുകളാണ് സംഘടിപ്പിച്ചത്. ഓരോ വെബിനാറിലും വിവിധ വകുപ്പ് മേധാവികളെ മുഖ്യ അതിഥികളായി ക്ഷണിക്കുകയും അതു വഴി വകുപ്പ് തല ഏകോപനം സാധ്യമാക്കുന്നതിനും സാധിച്ചു. മുഴുവൻ വെബിനാറുകളും തൽസമയ റെക്കോർഡിങ് നടത്തുകയും, വകുപ്പിന്റെ ഫെയ്സ്ബുക്കിലും, യുട്യൂബിലും എല്ലാ സമയത്തും കേൾക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

വെബിനാറിനോടനുബന്ധിച്ച് ഓരോ ദിവസത്തെയും വിഷയങ്ങളെ സംബന്ധിച്ച ഒരു ഹാന്റ് ഔട്ട് തയ്യാറാക്കുകയും പരമ്പര അവസാനിക്കുന്നതോടെ ഒരു ചെറു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വെബിനാറിനുള്ള സാങ്കേതിക സഹായങ്ങൾ വകുപ്പിന്റെ കീഴിൽ കോഴിക്കോട് സർവ്വകലാശാല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന CDMRP ലഭ്യമാക്കി. ഡിസംബർ 31 ന് അവസാനിച്ച ഭിന്നശേഷി ദിനാഘോഷ പരിപാടികളിൽ പരിമിതികളെ അതിജീവിച്ച് ജീവിത വിജയം നേടിയ വ്യക്തിത്വങ്ങളുടെ അനുഭവങ്ങൾ പങ്കു വയ്ക്കുന്നതിനും, മൽസര പരിപാടികളിലെ വിജയികളുടെ കലാ പ്രകടനങ്ങൾ പ്രദർശിപ്പിക്കുന്നതിനുമുള്ള അവസരമൊരുക്കിയിരുന്നു.

# E2 HUB


**ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള എകണോമിക് എംപവർമെന്റ് ഹബ്**

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി നിരവധി പദ്ധതികളാണ് സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്. 'മഴവില്ല്' സമഗ്ര പദ്ധതിയിലൂടെ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിന് ഇതിനോടകം വകുപ്പിന് സാധിച്ചിട്ടുണ്ട്. ട്രാൻസ് ജെൻഡർ വ്യക്തികളുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സാമൂഹ്യ ഉന്നമനം എന്നിവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ മാതൃകാപരമായ നിരവധി മുന്നേറ്റങ്ങൾക്ക് നിമിത്തമായി.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തം അഭിരുചിക്ക നുസരിച്ച് തൊഴിൽ കണ്ടെത്തുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി E2-HUB Economic Empowerment Hub For Transgenders എന്ന പേരിൽ കരിയർ കോഴ്സ് സംഘടിപ്പിക്കാൻ സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടപടികൾ എടുത്തുവരുന്നു. സാമൂഹ്യ പുനസംയോജനം സാധ്യമാക്കാൻ ആവശ്യമായ ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ നൽകികൊണ്ട്, സ്വന്തമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ, അനു യോജ്യമായ തൊഴിൽ മേഖല കണ്ടെത്തി വിപുലീകരിക്കുന്നതിനോ വേണ്ട സാഹചര്യം ഒരുക്കുകയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ

- ☐ തൊഴിൽ സംരംഭം ആരംഭിക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.
- ☐ ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ട വസ്തുതകളെകുറിച്ചും സേവനങ്ങളെക്കുറിച്ചും കൃത്യമായ അറിവ് നൽകി ആയതിനു വേണ്ടി പ്രാപ്തരാക്കുക.
- ☐ വിദ്യാഭ്യാസം, തൊഴിൽ മേഖല എന്നിവ അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.
- ☐ സാമൂഹ്യ പുനഃസംയോജനം സാധ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾക്കായി നേതൃത്വം നൽകുക.
- ☐ സെന്ററിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ ഗുണഭോക്താവിനും പ്രത്യേകം കരിയർ ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ നൽകുന്നു.
- ☐ വകുപ്പിന്റെ ജില്ലാതല കാര്യാലയം, ട്രാൻസ് ജെൻഡർ ജസ്റ്റിസ് കമ്മിറ്റി, ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സിബിഒ-കൾ/ സന്നദ്ധ സംഘടനകൾ എന്നിവ യുമായി സഹകരിച്ച് സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വ്യക്തികളുടെ ഡാറ്റ ബാങ്ക് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ സാധിക്കും.
- ☐ വിദഗ്ധരുടെ സഹായത്തോടെ ഓൺലൈൻ മീറ്റിംഗ്/ വെബ്ബിനാർ എന്നിവ നടത്തിയും പദ്ധതി ഫലപ്രദമായി നടപ്പിലാക്കാവുന്നതാണ്.



# കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള സംസാര-ഭാഷ വികസനം:

## അറിഞ്ഞിരിക്കേണ്ട വസ്തുതകൾ

### എന്താണ് കോക്ലിയർ ഇംപ്ളാന്റ്?

ശസ്ത്രക്രിയയിലൂടെ സ്ഥാപിക്കുന്ന ന്യൂറോ പ്രോസ്തറ്റിക് ഉപകരണമാണ് കോക്ലിയർ ഇംപ്ലാന്റ് (സി.ഐ). ആന്തരിക കർണത്തിന്റെ ഭാഗമായ ശ്രവണനാഡിയെ ഉത്തേജിപ്പിക്കുന്നതിനും ശബ്ദം നന്നായി കേൾക്കുന്നതിനും സഹായിക്കുന്ന ഒരു ഉപകരണമാണ് ഇത്.

### അതിന്റെ ഗുണങ്ങൾ/പ്രയോജനങ്ങൾ എന്തെല്ലാമാണ്?

എല്ലാ ശബ്ദങ്ങളും വ്യക്തമായി കേൾക്കാൻ സഹായിക്കുക,,സംസാരത്തിൽ വ്യക്തത ഉണ്ടാക്കുക, സംസാരം മനസിലാക്കാൻ കഴിയുക, ശബ്ദമയമായ അന്തരീക്ഷത്തിൽ പോലും വ്യക്തമായി കേൾക്കാനുള്ള മികച്ച ശേഷി കൈവരിക, എന്നിവയാണ് കോക്ലിയർ ഇംപ്ലാന്റ് ഉപയോഗിക്കുന്നതിന്റെ ചില പ്രധാന ഗുണങ്ങൾ.

### ആർക്കെല്ലാം കോക്ലിയർ ഇംപ്ളാന്റ് ചെയ്യാൻ സാധിക്കും?

- ☐ 12 മാസത്തിനു മുകളിൽ പ്രായമുള്ള കുട്ടികൾ, മുതിർന്നവർ.
- ☐ ശ്രവണസഹായിയിൽ നിന്നും വേണ്ടത്ര ഉപയോഗം ലഭിക്കാത്തവർ
- ☐ രണ്ട് ചെവിയിലും തീവ്ര– അതിതീവ്ര (severe--profound) കേൾവിക്കുറവുള്ളവർ
- ☐ ശ്രവണസഹായി ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ പര്യാപ്തമായ ശരീരഘടനയും ചെവിയുടെ ഘടനയും ഉള്ളവർ.
- ☐ ഉപകരണം ഉപയോഗിക്കാൻ കഴിയാത്ത രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഒന്നും ഇല്ലാത്തവർ.

### കോക്ലിയർ ഇംപ്ലാന്റേഷന് ശേഷം കുട്ടികൾക്ക് സംസാര ഭാഷ വികസനത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരിശീലനം ആവശ്യമാണോ?

തീർച്ചയായും. സംസാര ഭാഷ വൈദഗ്ധ്യത്തിനായി കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. അതിനായി ഓഡിറ്ററി വെർബൽ തെറാപ്പി (എ.വി.റ്റി.) പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ എല്ലാ കുട്ടികൾക്കും എ.വി.റ്റി ഒരുപോലെ പ്രയോജനം ചെയ്യണമെന്നില്ല. അതിനാൽ കുട്ടിയുടെ കേൾവിപരിമിതിയുടെ തോതിനോടൊപ്പം നിലവിലെ അവസ്ഥയും ഇംപ്ലാന്റ് ചെയ്യുന്ന പ്രായവും അതോടൊപ്പം മറ്റേതെങ്കിലും ശാരീരിക മാനസിക വെല്ലുവിളികൾ ഉണ്ടോ എന്നതും മനസിലാക്കി അതിനനുസൃതമായ പരിശീലനം കൊടുക്കേണ്ടത് അത്യാവശ്യമാണ്.

### എന്തു കൊണ്ടാണ് കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് സംസാര ഭാഷ പരിശീലനം ആവശ്യമായി വരുന്നത്?

കേൾവിയുള്ള കുട്ടികൾ, അവർ കേൾക്കുന്ന ഭാഷ സ്വാഭാവികമായി തന്നെ ആർജ്ജിക്കുന്നു. എന്നാൽ കേൾവി പരിമിതിയുള്ള കുട്ടികൾക്ക് അവരുടെ ശ്രവണേന്ദ്രിയത്തെ ഉത്തേജിപ്പിക്കുന്ന തരത്തിൽ തീവ്രമായ പരിശീലനം ആവശ്യമാണ്. ഇവർക്ക് കേൾവിയെകുറിച്ച് മുൻകാല ധാരണ ഇല്ലാത്തതിനാൽ പരിശീലനത്തിലൂടെ മാത്രമേ സംസാര ഭാഷ വികസനം നടക്കുകയുള്ളൂ.

### എപ്പോഴാണ് പരിശീലനം തുടങ്ങേണ്ടത്?

ശസ്ത്രക്രിയയുടെ മുറിവ് ഉണങ്ങി, മാപ്പിംഗ് പൂർത്തിയായ ഉടനെ തന്നെ പരിശീലനം ആരംഭിക്കാവുന്നതാണ്. സാധാരണയായി ശസ്ത്രക്രിയ കഴിഞ്ഞു രണ്ടാഴ്ച്ചക്കുള്ളിൽ തന്നെ മുറിവുണങ്ങുകയും അടുത്ത മൂന്നാഴ്ചക്കുള്ളിൽ മാപ്പിങ്ങും നടക്കുന്നു. അതിനു ശേഷം ഉടനെ തന്നെ പരിശീലനം ആരംഭിക്കാവുന്നതാണ്.

### കോക്ലിയർ ഇംപ്ലാന്റേഷനിലൂടെ എല്ലാ കുട്ടികൾക്കും ഒരേ തരത്തിലുള്ള സംസാര ഭാഷ വികസനമാണോ ഉണ്ടാകുന്നത്?

ഇല്ല, ഓരോ കുട്ടികളിലും വ്യത്യസ്തമായ രീതിയിലായിരിക്കും സംസാര ഭാഷ വികസനം നടക്കുന്നത്. ഇത് പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു.

ഉദാഹരണമായി:

- ഏതുതരത്തിലുള്ള പരിശീലനമാണ് നേടിയത്
- കോക്ലിയർ ഇംപ്ലാന്റേഷൻ നടന്ന പ്രായം
- കേൾവിയുമായി ബന്ധപ്പെട്ട മുൻകാല അനുഭവങ്ങൾ
- മാതാപിതാക്കളുടെ പ്രചോദനം
- ഇടപെടൽ (ഇൻറർവെൻഷൻ)
- ഭാഷ എത്രത്തോളം കേൾക്കുന്നു
- ഇംപ്ളാൻറ് എത്രമാത്രം ഉപയോഗിക്കുന്നു എന്നത്
- കേൾവിപരിമിതിക്കൊപ്പം ഉണ്ടാകുന്ന മറ്റു വെല്ലുവിളികൾ.

### കുട്ടിയുടെ പുനഃരധിവാസ പ്രക്രിയയിൽ ആരൊക്കെ പങ്കാളികളാകണം?

കുട്ടി, രക്ഷകർത്താക്കൾ/കുടുംബം, തെറാപിസ്റ്റ് എന്നിവരാണ് പുനരധിവാസപ്രക്രിയയിലെ പങ്കാളികൾ. രക്ഷാകർത്താക്കളെ കേന്ദ്രീകരിച്ചുള്ള സമീപനമാണ് എ.വി.ടി. ആയതിനാൽ മാതാപിതാക്കൾ കുട്ടിയുടെ സംസാര ഭാഷ വികസനത്തിൽ നിർണായകമായ പങ്കുവഹിക്കുന്നു. ജന്മനാൽ കേൾവിപരിമിതിയുള്ള കുട്ടികൾക്ക് അവരുടെ ശ്രവണേന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കുന്ന തരത്തിൽ പരിശീലനം ആവശ്യമാണ്. അതുകൊണ്ടുതന്നെ എ.വി.ടി. യുടെ സാങ്കേതിക വശങ്ങളെ കുറിച്ച് രക്ഷാകർത്താക്കൾ ബോധവാന്മാരായിരിക്കണം. അതിലേക്കായി തെറാപ്പി സെഷനുകളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം നിർബന്ധമാണ്.

### ബഹുവിധ വെല്ലുവിളികൾ ഉള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ സാധിക്കുമോ?

കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ സാധിക്കുന്നതാണ്. എന്നാൽ ഇംപ്ലാന്റിന്റെ പരിണിതഫലത്തെ കുറിച്ച് രക്ഷാകർത്താക്കൾക്ക് പ്രായോഗികമായ പ്രതീക്ഷകൾ മാത്രമേ ഉണ്ടാകാൻ പാടുള്ളു. ഇത് പ്രധാനമായും കേൾവിക്കുറവിനോടൊപ്പമുള്ള മറ്റു ശാരീരിക മാനസിക വെല്ലുവിളികളെയും ആശ്രയിച്ചിരിക്കുന്നു.

### എത്രനാൾ പരിശീലനം തുടരണം?

കുട്ടിക്ക് പ്രായത്തിനനുസൃതമായ രീതിയിൽ സംസാരവും ഭാഷയും ആർജ്ജിക്കുന്നതുവരെ പരിശീലനം തുടരണം. പരിശീലനത്തിനു ശേഷമുള്ള കുട്ടിയുടെ സംസാര ഭാഷ വികസനം പൂർണമായും ആശ്രയിച്ചിരിക്കുന്നത് അവരുടെ ചുറ്റുപാടുമായാണ്. മുതിന്നവർ എത്രത്തോളം കൂടുതൽ അവരോടു സംഭാഷണത്തിൽ ഏർപ്പെടുന്നുവോ അത്രത്തോളം വിജയകരമായി കുട്ടികൾ ആശയ വിനിമയം നടത്തുന്നു.

**കേരളാ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)- സംയുക്തമായി നടത്തുന്ന ഓൺലൈൻ ഡിസെബിലിറ്റി അവെയർനെസ്സ് സെമിനാർ 'നിഡാസ്'-ന്റെ ഒരു അദ്ധ്യായത്തിൽ നിന്നുള്ള പ്രസക്തമായ ചോദ്യോത്തരങ്ങൾ ആണ് ഇവിടെ കൊടുത്തിരിക്കുന്നത്.**


NISH
We are here because, we care

SOCIAL JUSTICE DEPARTMENT
care, protection & empowerment

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപെടുക:**

നിഡാസ് ടീം
ഫോൺ: 0471-2944675

ശ്രീമതി. ആശ മനോഹരൻ,
ഓഡിയോളജിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് പാതോളജിസ്റ്റ്,
നിഷ്, തിരുവനന്തപുരം
ഫോൺ: 0471-2944647



# നേർവഴി

**പ്രൊബേഷൻ സർവ്വീസ് സപ്പോർട്ട് ടീമിന്റെ രൂപീകരണവും സർട്ടിഫിക്കറ്റ് കോഴ്സും**

കേരളത്തിലെ പ്രൊബേഷൻ സംവിധാനത്തിന്റെ ആധുനികവല്ക്കരണത്തിനും ശാക്തീകരണത്തിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന 'നേർവഴി' പദ്ധതിയുടെ ഭാഗമായി പ്രൊബേഷൻ സർവ്വീസ് സപ്പോർട്ട് ടീം രൂപീകരിച്ച് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു. പത്തനംതിട്ട ജില്ലാ പ്രൊബേഷൻ ഓഫീസിന്റെയും ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെയും ലോ ആന്റ് ജസ്റ്റിസ് റിസർച്ച് ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 28 മണിക്കൂർ ദൈർഘ്യമുള്ള ഈ സർട്ടിഫിക്കറ്റ് കോഴ്സിൽ MSW, LLB ബിരുദധാരികൾ ഉൾപ്പടെ 60 സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു. സാമൂഹ്യ നീതി ഡയറക്ടർ ഷീബ ജോർജ്ജ് IAS ന്റെ അദ്ധ്യക്ഷതയിൽ 2020 നവം.25 ന് ചേർന്ന യോഗത്തിൽ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനം ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് പി.വിജയൻ IPS ഉദ്ഘാടനം ചെയ്തു.

എല്ലാ ജില്ലകളിലെയും ഗ്രേഡ് 2 പ്രൊബേഷൻ ഓഫീസർമാർക്കും പ്രൊബേഷൻ അസിസ്റ്റന്റുമാർക്കും സർട്ടിഫിക്കറ്റ് കോഴ്സിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കിയിരുന്നു. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, മുംബൈ, അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ (വെല്ലൂർ), ഗവ. ലോ കോളേജുകൾ എന്നിവിടങ്ങളിലെ വിദഗ്ദ്ധരുടെ സംഘമാണ് കോഴ്സ് നയിച്ചത്.

ഉദ്ഘാടന യോഗത്തിൽ പത്തനംതിട്ട ജില്ലാ നിയമ സേവന അതോറിറ്റി സബ്ജഡ്ജ്, ജി. ആർ.ബിൽകുൽ, അസിസന്റ് ഡയറക്ടർ സുഭാഷ്കുമാർ.കെ.വി, ജില്ലാ പ്രൊബേഷൻ ഓഫീസർ അബീൻ എ.ഒ, അഡിഷണൽ പോലീസ് സൂപ്രണ്ട്, എ.യു സുനിൽകുമാർ, ഗവ. ലോ കോളേജ് അസി. പ്രൊഫസർ സഫി മോഹനൻ, കോഴ്സ് ഡയറക്ടർ ജിനു കുര്യൻ എന്നിവരും പോലീസ് ഉദ്യോഗസ്ഥർ, അഭിഭാഷകർ, നിയമ–സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികളും പങ്കെടുത്തു. 'നേർവഴി' പദ്ധതിയുടെ ഭാഗമായി പ്രൊബേഷൻ സർവ്വീസ് സപ്പോർട്ട് ടീം മറ്റ് ജില്ലകളിലും രൂപീകരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്.

## പ്രൊബേഷൻ വാരാഘോഷം

പ്രഗൽഭനായ ന്യായാധിപനും മന്ത്രിയുമായിരുന്ന ജസ്റ്റിസ് വി ആർ കൃഷ്ണയ്യരുടെ ജന്മദിനമായ നവംബർ 15 മുതൽ അദ്ദേഹത്തിന്റെ ചരമദിനമായ ഡിസംബർ 4 വരെ പ്രൊബേഷൻ വാരമായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ആഘോഷിക്കുകയുണ്ടായി. ജില്ലാ പ്രൊബേഷൻ ഓഫീസ്സുകളുടെ ആഭിമുഖ്യത്തിൽ ലീഗൽ സർവീസസ് അതോറിറ്റിയുടെയും മറ്റു സംഘടനകളുടെയും സഹകരണത്തോടെ പതിനാല് ജില്ലകളിലും സംഘടിപ്പിച്ച വിവിധ പരിപാടികൾ പ്രൊബേഷൻ സംവിധാനത്തെക്കുറിച്ചും സാമൂഹ്യ പ്രതിരോധ മേഖലയിലെ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളെക്കുറിച്ചും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് പര്യാപ്തമായി.

പ്രൊബേഷൻ വാരാഘോഷത്തിന്റെ ഭാഗമായി വയനാട് ജില്ലാ പ്രൊബേഷൻ ഓഫീസ് സംഘടിപ്പിച്ച ദേശീയ വെബിനാർ പ്രൊബേഷൻ വാരാഘോഷത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു. 'പ്രൊബേഷൻ സംവിധാനം ഇന്ത്യയിൽ: സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ 'പ്രയാസ്', ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, മുംബൈ, ഓൾ ഇന്ത്യാ പ്രൊബേഷൻ ഓഫീസേഴ്സ് ഫോറം എന്നിവയുമായി ചേർന്നാണ് ദേശീയ തല വെബിനാർ സംഘടിപ്പിച്ചത് . രാജ്യത്ത് ഇതാദ്യമായി സംഘടിപ്പിക്കപ്പെട്ട പ്രൊബേഷൻ നാഷണൽ വെബിനാർ ദേശീയ തലത്തിൽ തന്നെ ശ്രദ്ധനേടി. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ പ്രൊബേഷൻ ഓഫീസ്സർമാർക്കും സാമൂഹ്യ പ്രവർത്തകർക്കും പ്രൊബേഷൻ മേഖലയിൽ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെയും പരിപാടികളെയും കുറിച്ച് അവബോധമുണ്ടാക്കാൻ വെബിനാറിന് കഴിഞ്ഞു.

പ്രൊബേഷൻ മേഖലയിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് വെബിനാറിൽ പങ്കെടുത്ത പ്രമുഖർ അഭിപ്രായപ്പെട്ടു.



കാസറഗോഡ് പ്രൊബേഷൻ വാരാചരണ പരിപാടിയുടെ ഉദ്ഘാടനം 30/11/2020 ന് DLSA കോൺഫറൻസ് ഹാളിൽ വെച്ച് ബഹു ജില്ലാ ജഡ്ജ് ശ്രീ.എസ്.എച്ച് പഞ്ചാപകേശൻ നിർവ്വഹിക്കുന്നു



2020 പ്രൊബേഷൻ വാരാചരണത്തോടനുബന്ധിച്ച് മലപ്പുറം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജ് മായ ശ്രീമതി പ്രിയ പ്രൊബേഷൻ പോസ്റ്റർ അനാച്ഛാദനം ചെയ്യുന്നു. പ്രൊബേഷൻ അസിസ്റ്റൻറ് നിതിൻ എംഎസ് സ്വീകരിക്കുന്നു.




പ്രൊബേഷൻ വാരാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പോസ്റ്റർ പ്രദർശനം അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജി ശ്രീ. ശശികുമാർ പി. എസ്. ഉദ്ഘാടനം ചെയ്യുന്നു.



# മഴ

ആർത്തലച്ചു പെയ്തു
കൊരിരിക്കുന്ന
മഴയത്രേ....
നിന്നോർമ്മകളിലിന്നു
ഞാൻ
ഇടമുറിയാതെ പെയ്തു
കൊരിരിക്കുന്ന
കാലാവർഷത്തിന്റെ
കരച്ചിൽ പോലെ ,
ഇടിവെട്ടിയും
മിന്നലായുമൊക്കെ
തുളഞ്ഞു കയറുന്ന
നിന്റെ സ്നേഹത്തിൻ
ആയിരം നാമ്പുകൾ
കടന്നു പോയ
കാലടി സ്പന്ദനങ്ങൾ ,
ഓർമ്മകൾ സമ്മാനിച്ച
പൊട്ടിച്ചിരികൾ ,
ചാറ്റൽ മഴ പോലുള്ള
കുഞ്ഞു തേങ്ങലുകൾ ,
മടങ്ങി വരവ് കാത്തുള്ള
നിശബ്ദമായ
പ്രാർത്ഥനകൾ,
മൂടിക്കെട്ടാൽ
നിറഞ്ഞ ആ പഴയ
തൃസന്ധ്യകൾ,
മൗനം മുറിയാത്ത
കാർമേഘങ്ങൾ,
ഏകാന്തത ബാക്കി വച്ച
അകത്തളങ്ങളിൽ
ഉടഞ്ഞു വീഴുന്ന എന്റെ
ചുടു നിശ്വാസങ്ങൾ,
എല്ലാത്തിനും
നിന്റെ ഗന്ധമാണ്
നിന്റെ സ്നേഹത്തിന്റെ ഗന്ധം .......



ശ്രീമതി ഒ പി ഹസീന
സീനിയർ ക്ലാർക്ക്
ജില്ലാ സാമൂഹ്യനീതി ഓഫീസ്,
കോട്ടയം



കഥ

# സ്മരണാന്തം

കെ.പി.സതീഷ്
സീനിയർ ക്ലർക്ക്
സോഷ്യൽ ജസ്റ്റിസ് ഡയറക്ടറേറ്റ്

പ്രവാസ ജീവിതത്തിന് ചെറിയ ഇടവേള നൽകി നാട്ടിലേക്ക് തിരിക്കുമ്പോൾ ഭാര്യയുടെ ഫോൺ വിളിയായിരുന്നു മനസ്സിൽ. "മാഷ് കിടപ്പിലാണ്.... ഓർമ്മക്ക് ചെറിയ തകരാറുമുണ്ട്"

നാട്ടിലേക്ക് പോയിട്ട് മൂന്നു വർഷത്തിലധികമായി. ജോലിത്തിരക്കിനിടയിൽ തന്റെ സ്വകാര്യതയിലേക്ക് ഒളിക്കാൻ ഒരിക്കലും സമയം അനുവദിച്ചിരുന്നില്ല. എങ്കിലും മാഷിനെക്കുറിച്ചുള്ള വാർത്ത കേട്ടപ്പോൾ മനസ്സിനെ കാർന്നു തിന്നുന്നോരസ്വസ്ഥത മുളപൊട്ടി. മാഷ് തനിക്ക് വെറുമൊരു മാഷായിരുന്നില്ലല്ലോ. നല്ല വെളുത്ത പല്ലുകൾ കാണിച്ച്, പുഞ്ചിരിക്കുമ്പോൾ മുഖത്തു തെളിയുന്ന നേർത്ത ചുഴി മാഷിലെ ബാല സഹജമായ നിഷ്ക്കളങ്കത വെളിവാക്കുന്നതായിരുന്നു. അതിനെ സാധൂകരിക്കുന്നതായിരുന്നതായിരുന്നല്ലോ മാഷ് പകർന്നു തന്ന സ്നേഹവും.

നാട്ടിലെത്തിയപ്പോൾത്തന്നെ സുഹൃത്തുക്കളുടെ സ്നേഹാന്വേഷണത്തിന്റെയും പരിചയം പുതുക്കലുകളുടെ ബഹളത്തിനിടയിലും സമയം കണ്ടെത്തി മാഷിനെ കാണാൻ. ഭാര്യ പറഞ്ഞു താനും കൂടി വരുന്നുവെന്ന്. എങ്കിലും കൂടെ കൂട്ടാൻ മനസ്സു വന്നില്ല. കാരണം തങ്ങൾക്കു മാത്രമായി ചില നിമിഷങ്ങൾ സൂക്ഷിക്കാനുണ്ടാവണമല്ലോ. ബന്ധങ്ങൾ അങ്ങനെയൊക്കയല്ലേ.. വിവരിക്കാനാവാത്ത ചില അനുഭൂതികൾ കൊണ്ട് സങ്കീർണ്ണമാണ്.. പലപ്പോഴും..

രാവിലെ തന്നെ കാറിൽ തിരിച്ചു. വീടിന്റെ മുന്നിൽ വണ്ടി നിന്നപ്പോൾ പുറത്ത് ആളനക്കം ഒന്നുമുണ്ടായിരുന്നില്ല. കാറ് ഓരത്ത് പാർക്കു ചെയ്തതിനു ശേഷം നടകൾ കയറി. മുറ്റത്ത് കൊഴിഞ്ഞു വീണ ഉണങ്ങിയ ഇലകൾ ഞെരിച്ചു കടന്നു ചെന്നപ്പോൾ പഴയ സമാഗമങ്ങളുടെ ഓർമ്മകളാണ് മനസ്സിലേക്ക് ഓടിയെത്തിയത്. ഈ വരാന്തയിലേക്ക് എത്ര തവണ മാഷ് തന്നെ വിളിപ്പിച്ചിരിക്കുന്നു... ക്ളാസ്സിലെ പിഴകൾ തീർക്കാൻ മാത്രമല്ല. ജീവിതത്തിലെ കൈക്കുറ്റങ്ങളും. സമസ്യകളും വരെ മാഷ് ഈ വരാന്തയിൽ വെച്ച് എന്റെ മുന്നിൽ അവതരിപ്പിച്ചിട്ടില്ലേ.. ഒരു ഘട്ടത്തിൽ മാഷിനെക്കാൾ വലിയ ആളായോ താൻ എന്നു വരെ എനിക്കു തോന്നിയിരുന്നു. എന്നെ നേർവഴിക്ക് നടത്താൻ ശ്രമിച്ച ആൾ ഒരിക്കൽ തന്റെ മുന്നിൽ വ്യസനിതനായി തളർന്നു നിന്ന് എന്നോട് സമാധാനം ആവശ്യപ്പെട്ട മുഹൂർത്തവും ഉണ്ടായിട്ടില്ലേ.

ഇളയ മകളുടെ ദാമ്പത്യം തകർച്ചയിൽ അകപ്പെട്ട് വിവാഹമോചനത്തിന്റെ ഘട്ടമെത്തിയപ്പോഴാണ് ഞാൻ അറിയുന്നത് മാഷ് എത്ര തരളിത ഹൃദയമുള്ളവനാണെന്ന്. അന്ന് ഒരു കൊച്ചു കുഞ്ഞിനെപ്പോലെ തളർന്നിരുന്നു ദൈന്യതയോടെ ചോദിച്ചത് ഞാനോർക്കുന്നു."ഞാനെന്തു പാപം ചെയ്തിട്ടാണ് ഇതെല്ലാം അനുഭവിക്കേണ്ടി വരുന്നത്."ഒരു പിതാവിന്റെ ധർമ്മ സങ്കടം കനൽ പോലെ എരിയുന്ന മനസ്സ് അന്നാണ് ഞാൻ തിരിച്ചറിയുന്നത്. എങ്കിലും മകൾ വിവാഹ മോചനം നേടി. ഇപ്പോൾ കേരളത്തിന് പുറത്തെവിടെയോ ആണെന്നാണ് കേട്ടിരിക്കുന്നത്..

വരാന്തയിൽ ഒഴിഞ്ഞുകിടന്ന കസേരയിൽ മടക്കിയിട്ട പത്രം അനാഥമായിക്കിടന്നിരുന്നു. ഇന്ന് അതാരും വായിച്ചിട്ടില്ലെന്നു വ്യക്തമാണ്. ഒരു ചുളിവു പോലും സംഭവിച്ചിട്ടില്ല.
"നാട്ടിൽ എപ്പോഴെത്തി.?" ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ പിന്നിലായി സുഭദ്ര ടീച്ചർ നിൽക്കുന്നു. മാഷിന്റെ മൂത്ത മകളാണ്.
"ഇന്നലെ വന്നു. മാഷിന് എങ്ങനെ?"
"പ്രായമായില്ലെ.. ഇപ്പോഴാണെങ്കിൽ ഓർമ്മ തീരെയില്ലാണ്ടായിരിക്കുന്നു."
ടീച്ചർ മുറിക്കുള്ളിലേക്ക് കയറിയപ്പോൾ പിന്നാലെ നടന്നു. മുറിയിലെ മങ്ങിയ വെളിച്ചത്തിൽ കട്ടിലിൽ കിടക്കുന്ന രൂപത്തെ കണ്ടു
"അച്ഛാ ഇതാരാ വന്നേന്നു നോക്കിക്കെ." കട്ടിലിൽ നിന്നു ഒരു രൂപം പൊടുന്നനെ എഴുന്നേൽക്കുന്നതായി കണ്ടു. ടീച്ചർ ലൈറ്റു തെളിച്ചപ്പോൾ, തലമുണ്ഡനം ചെയ്ത ചുക്കിച്ചുളിഞ്ഞ മാംസ പേശികൾക്കിടയിലെ കുണ്ടിൽ തിളങ്ങുന്ന രണ്ടു കണ്ണുകൾ തെളിഞ്ഞു.
"പരിചയമുണ്ടോ അച്ഛന്?"
മാഷ് ശൂന്യമായ കണ്ണുകളോടെഎന്നെ നോക്കി.
"രാത്രിയിൽ ഉറക്കമില്ല. പഴയ കഥകൾ പറഞ്ഞ് എന്ന ഉറങ്ങാനും സമ്മതിക്കില്ല"
പ്രകാശം നഷ്ടപ്പെട്ട കണ്ണുകൾക്കു താഴെ മന്ദസ്മേരം വിരിയുന്നതോടൊപ്പം ഒരു നാണം പൂക്കുന്നതും കണ്ടു.
"ആരാ?." മാഷ് ടീച്ചറെ നോക്കി.
"മനസ്സിലായില്ല.. അച്ഛന്". ടീച്ചർ പറഞ്ഞു
"അച്ഛന് ചെറുപ്പത്തിലെ കാര്യങ്ങൾ എല്ലാം നല്ല ഓർമ്മയാണ്. അടുത്തകാലത്തുണ്ടായ കാര്യങ്ങൾ ഒന്നും ഓർമ്മയില്ല. അച്ഛന്റെ ധാരണ ഇപ്പോൾ ഒരു കൊച്ചു കുട്ടിയാണെന്നാണ്. ട്രൗസർ വേണമെന്ന് പറഞ്ഞ് വലിയ ശാഠ്യമായിരുന്നു". അപ്പോഴാണ് ശ്രദ്ധിച്ചത് മാഷ് ധരിച്ചിരിക്കുന്നത് ഒരു വള്ളി ട്രൗസറാണ്.
"ട്രൗസറേ ഇടൂ."
"രാഗിണി"–മാഷിന്റെ അവ്യക്തമായ ശബ്ദം
"അച്ഛനെ കാണാൻ വന്നതാ അറിയുമോ ആളെ?"
മറുപടിയായി ഒരു നിഷ്ക്കളങ്കമായ ചിരി മുഖത്ത് പടർന്നു.
"ഈ അവസ്ഥയിൽ അച്ഛനെ ഒറ്റക്ക് ഇവിടെ ആക്കാൻ പറ്റില്ലല്ലോ.. അതു കൊണ്ട് ഞാൻ ലീവെടുത്തു". ടീച്ചർ പറഞ്ഞു
"ബിസ്ക്കറ്റും പാലും" വീണ്ടും മാഷിന്റെ വാക്കുകൾ.

"കൊണ്ടു തരാം."ടീച്ചറുടെ മുഖത്ത് ദൈന്യത കലർന്ന ഒരു ചിരി വിടർന്നു.

"ഡോക്ടർമാർ എന്തു പറയുന്നു?"

"അതിന് ഇതൊരു രോഗമല്ലല്ലോ, ഒരു അവസ്ഥയല്ലെ.." ഞാൻ ആ വാക്കുകൾ കേട്ടിരുന്നു.

"ഇരിക്കൂ, കുടിക്കാൻ എടുക്കാം"–ടീച്ചർ പറഞ്ഞു

ടീച്ചർ അകത്തേക്കു പോയപ്പോൾ ഞാനും മാഷും മാത്ര മായി മുറിയിൽ. മാഷ് എന്നെ നോക്കി പരിചിത ഭാവ ത്തിൽ ഒന്നു ചിരിക്കുമെന്നു കരുതി.എന്നാൽ മാഷ് എന്റെ സാന്നിദ്ധ്യം അറിയുന്നേ ഇല്ലായിരുന്നു. ശൈശവത്തിന്റെ നഷ്കളങ്കമായ ചിന്തയുമായി വേറെ ഏതോ ലോകത്ത് വിഹരിക്കുകയായിരുന്നു അപ്പോൾ.

ടീച്ചർ കാപ്പിയുമായി വന്നപ്പോൾ മാഷ് പറഞ്ഞു "രാഗിണി എനിക്കും." "തരാം" ടീച്ചർ ഒരു അമ്മയുടെ വാൽസ ല്യത്തോടെ പറഞ്ഞു.

"ഇതിന് ഇനി ചികിത്സകൊണ്ടൊന്നും ഫലമില്ല.. ഒരു അമ്മയെപ്പോലെ നോക്കുക അത്രമാത്രം" ടീച്ചർ അതു പറയുമ്പോഴും കണ്ണിൽ കണ്ണുനീരിന്റെ തിളക്കം കണ്ടു.

യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ ചോദിക്കാതിരിക്കാൻ കഴി ഞ്ഞില്ല.."ആരാണ് ഈ രാഗിണി.. ടീച്ചറിന് അങ്ങനെയൊരു പേരുണ്ടോ?"

മറുപടി ഒരു ചിരിയായിരുന്നു

"പറഞ്ഞില്ലേ.. അച്ഛൻ ജീവിക്കുന്നത് എഴുപത് വർഷം മുമ്പുള്ള ലോകത്തിലാണ്. അച്ഛൻ സംസാരിക്കുന്നതും, അന്നത്തെ ആൾക്കാരുമായിട്ടാണ്.." ടീച്ചർ ചിരിച്ചു കൊ ണ്ടു പറഞ്ഞു."ഞാൻ ഇപ്പോൾ അച്ചന് സുഭദ്രയല്ല.. രാഗ ിണിയാണ്. എനിക്കറിയില്ല രാഗിണി ആരാണെന്ന്."

യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ മനസ്സിൽ വല്ലാത്ത ദുഖമാ യിരുന്നു. ഇതുപോലെ എത്ര അവസ്ഥകളുടെ പടം പെ ാഴിച്ചാലാണ് ജീവിതം എന്ന യാഥാർത്ഥ്യം മുന്നിൽ തെളി യുക എന്ന ചിന്തയായിരുന്നു അപ്പോൾ മനസ്സിൽ.

കവിത

## പ്രഥമ രാത്രി

പ്രഥമ രാത്രി ഇന്നലെ ആയിരുന്നു......
മാനുകൾ പുല്ല് തിന്നുന്ന എന്റെ
കിടക്കവിരിയിൽ ഒരിക്കലും നമ്മൾ
നഗ്നരായിരുന്നില്ല .......
സമ്മാനമായി കൊണ്ടുവന്നിരുന്ന
നാലുമണിപ്പൂ സമയം തെറ്റിയിട്ടും
നമുക്ക് വേണ്ടി മാത്രം വാടാതെ
മുടിയിഴകളിൽ ഒളിച്ചിരുന്നു ......
ഇടക്കെപ്പോഴോ ഒരു വേനൽ മഴ
പൊട്ടിച്ചിരിച്ചു കൊണ്ട് വന്നു പോയത് ഞാനോർക്കുന്നു..
ഇന്നലെ പറഞ്ഞ കഥകളിൽ
രാജാവും മന്ത്രിയും ഉണ്ടായിരുന്നില്ല
ശ്വാസം അടക്കിയുള്ള പൊട്ടിച്ചിരികളും
എണ്ണിയാലൊടുങ്ങാത്ത ആധികളും
നമ്മൾ പങ്കുവെച്ചതോർക്കുന്നു.....
ഇനി ഒരിക്കലും
ഒരു പ്രഥമ രാത്രിയില്ല ......നമ്മളില്ല ......
നീയുമില്ല.....
നമുക്ക് വേണ്ടി രാപകലുകൾ ഇല്ല......
അറിയുന്നു ഞാൻ, എവിടെ നിന്നോ
ഒരു ശവം നാറി പൂവിന്റെ ഉന്മാദഗന്ധം
വശ്യമായി ഒഴുകി വരുന്നത്



ശ്യാമ എസ് പ്രഭ
പ്രൊജക്ട് ഓഫീസർ
ട്രാൻസ്ജെൻഡർ സെൽ
സോഷ്യൽ ജസ്റ്റിസ് ഡയറക്ടറേറ്റ്



# സായന്തനം

സാമൂഹ്യ നീതി വകുപ്പ് വയോജനങ്ങൾക്കായി നടപ്പിലാക്കി വരുന്ന സായംപ്രഭ പദ്ധതിയിൽ 'സായന്തനം എന്ന പേരിൽ വയോജനങ്ങൾക്ക് പ്രത്യേക പാർക്ക് ഒരുക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

വയോജന സൗഹൃദ കേരളം എന്ന ലക്ഷ്യം കൈ വരിക്കുന്നതിനായി വയോജന സൗഹൃദ പാർക്കുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരം പാർക്കുകൾ നിർമ്മിക്കുന്നത്.

മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിൽ വാഴക്കുളം എന്ന സ്ഥലത്ത് വാഴക്കുളം ചിറയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് പാർക്ക് നിർമിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യത്തിന്മേൽ PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടവിഭാഗം സമർപ്പിച്ചിട്ടുള്ള പ്രൊപോസൽ അംഗീകരിച്ച് 5000000 രൂപ PWD ക്ക് കൈ മാറുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയുടെ ഔപചാരികമായ ഉൽഘാടനം 06.11.2020 ന് ബഹുമാനപെട്ട സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഓൺലൈൻ മുഖാന്തിരം നിർവഹിച്ചു . വയോജനങ്ങൾക്ക് സൗഹൃദ കൂട്ടായ്മകൾ രൂപപ്പെടുത്തുന്നതിനായി വയോജന പാർക്ക് ഉപയോഗപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്.



















- ‘ഉണർവ് 2020’ ന്റെ (ഭിന്നശേഷി ദിനാചരണം) ഭാഗമായി നടത്തിയ പോസ്റ്റർ രചന മത്സരത്തിൽ സമ്മാനാർഹമായ പോസ്റ്ററുകൾ.





NOT ALLDISABILITY ARE
VISIBLE


DEC - 3
നമ്മുടെ കുറവുകളെ ഒരു കുറവായി
കാണുന്നതാണ് ഏറ്റവും വലിയ
കുറവ്
By




INCLUSION WORKS
NO LIMITS


2020 January - February

## ജില്ലാ സാമൂഹ്യനീതി ആഫീസ്, കാസറഗോഡ്

**2020 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ നടത്തിയ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ**

ബഹു: സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം കാസറഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർ 05.04.2020 ന് കോവിഡ്–19 പ്രതിരോധം – ജില്ലാതല സീനിയർ സിറ്റിസൺ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ 2 ാം വാർഡിലെ ക്യാൻസർ രോഗിയായ ശ്രീ.പുരുഷോത്തമയ്ക്ക് കാഞ്ഞങ്ങാട് ജില്ലാ ഹോസ്പിറ്റലിൽ ചികിൽസ ലഭ്യമാക്കി കൊടുക്കാൻ സാധിച്ചു.


പറഞ്ഞാൽതീരാത്ത നന്ദിയുമായി പുരുഷോത്തമ

ജില്ലാ ആശുപത്രിയിലെ ചികിത്സക്ക് ശേഷം വീട്ടിലെത്തിയ പുരുഷോത്തമ

ദേശാഭിമാനി Sat, 18 April 2020 https://epaper.deshabhimani.com/c/51096711

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ തൊഴിൽപരമായ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജില്ലയിലെ 23 ട്രാൻസ്ജെൻഡറുകൾക്ക് രണ്ടാം ഘട്ടം അനുവദിയ്ക്കപ്പെട്ട ഭക്ഷ്യധാന്യ കിറ്റ് ലഭ്യമാക്കി.

ജില്ലയിലെ അംഗീകൃതവും അല്ലാത്തതുമായ അഗതിമന്ദിരങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ആശ്രമങ്ങൾ തുടങ്ങിയവയിലെ താമസക്കാർക്ക്, നാലു പേർക്ക് ഒരു കിറ്റ് എന്ന രീതിയിൽ സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 46 സ്ഥാപനങ്ങളിലെ താമസക്കാർക്ക് റേഷൻ കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

കുമ്പള പഞ്ചായത്ത് പരിധിയിൽ വാടക ക്വാർട്ടേഴ്സിന്റെ പീടിക തിണ്ണയിൽ മൂന്നുമാസത്തോളമായി താമസിച്ചു വന്നിരുന്ന ശ്രീ.സദാശിവ (70) യെ കാസർഗോഡ് ജനറൽ ഹോസ്പിറ്റലിലേക്ക് മാറ്റുകയും ബൈസ്റ്റാൻഡർ ആയി ആരുമില്ലാത്തതിനാൽ ടെക്നിക്കൽ അസിസ്റ്റന്റുമാർ തന്നെ കൂട്ടിരിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തെ പിന്നീട് ഡിസ്ചാർജ് ചെയ്ത് സായ് നികേതൻ ആശ്രമത്തിലേക്ക് മാറ്റുകയും ചെയ്തു.

കളക്ട്രേറ്റിൽ വരുന്ന മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമായി സിവിൽ സ്റ്റേഷൻ ബിൽഡിംഗിൽ ഒരു ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഫണ്ട് സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ജില്ലാ സാമൂഹ്യനീതി ആഫീസ്, കണ്ണൂർ

**ട്രാൻസ്ജെൻഡർ പദവി പഠനം സർവ്വേ**

'ട്രാൻസ്ജെൻഡർ പദവി പഠനം ട്രാൻസ്ജെൻഡർ സർവ്വേ'എന്ന പ്രോജക്ട് റിപ്പോർട്ട് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ നേതൃത്വത്തിൽ പൂർത്തിയാക്കി. ഹെൽത്ത് കെയർ ട്രാൻസ്ജെൻഡർ എന്ന എൻ.ജി.ഒ ആണ് സർവ്വേ സംഘടിപ്പിച്ചത്. 'സഖി' എന്ന പേരിലുള്ള സർവ്വേ റിപ്പോർട്ടിന്റെ ആദ്യ കോപ്പി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡ് ശ്രീ സുമേഷിന് നൽകി പ്രകാശനം ചെയ്തു.




ലോകവയോജന ദിനത്തോടനുബന്ധിച്ച് ജില്ലയിൽ പ്രവർത്തിക്കുന്ന വൃദ്ധമന്ദിരങ്ങളിലെ താമസക്കാരായ 1750 വയോജനങ്ങൾക്കായി, 3500 മാസ്ക്കുകൾ ലയൺസ് ക്ലബ് തലശ്ശേരി, ലയൺസ് ക്ലബ് തലശ്ശേരി സോൺ, ലയൺസ് ക്ലബ് ധർമ്മടം, Telicherry Social Welfare Trust, കുട്ടിമാക്കൂൽ, തലശ്ശേരി എന്നീ സംഘടനകൾ മുഖേന ലഭ്യമായത് തലശ്ശേരി പ്രസ് ക്ലബിൽ വെച്ച് ഓർഫനേജ് അസോസിയേഷൻ ഭാരവാഹികൾക്ക് വിതരണം ചെയ്തു.



# ശ്രവണം മധുരം

**ഏർലി ഇന്റർവെൻഷൻ പ്രോഗ്രാം,**
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്
(നിഷ്), തിരുവനന്തപുരം




ഏതൊരു ഭിന്നശേഷിയും, എത്രയും നേരത്തെ തിരിച്ചറിയുകയും, അനുയോജ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്താൽ, വ്യക്തിപരമായും, സാമൂഹിക പരമായും അതുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ വളരെ അധികം കുറയ്ക്കുവാൻ സാധിക്കും. ഇവിടെയാണ് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ പ്രസക്തി. നിഷ് ഏർലി ഇന്റർവെൻഷൻ സെന്റർ അതിന്റെ പ്രവർത്തന മികവു കൊണ്ടും പരിചയ സമ്പത്തുകൊണ്ടും ഈ ഗണത്തിൽ മുൻപന്തിയിലാണ്. കുട്ടികളിൽ പ്രായാനുസൃതമായ ഭാഷയും സംസാരവും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിഷ്-ഏർലി ഇന്റർവെൻഷൻ സെന്റർ പ്രവർത്തിക്കുന്നത്. കേൾവിക്കുറവുള്ള കുട്ടികൾ 3 വയസ്സിനുള്ളിൽ ഭാഷാ പരിശീലനം ആരംഭിക്കുകയാണെങ്കിൽ അവരിൽ പ്രായാനുസൃതമായ ഭാഷയും സംസാരവും വികസിപ്പിക്കാൻ കഴിയും എന്ന കണ്ടുപിടുത്തമാണ് ഏർലി ഇന്റർവെൻഷൻ എന്ന ആശയത്തിനു പിന്നിൽ.

1997-ൽ അന്നത്തെ കേരള സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ശ്രീമതി സുശീല ഗോപാലൻ ആണ് നിഷ് ഏർലി ഇന്റർവെൻഷൻ സെന്ററിന്റെ പ്രവർത്തനോൽഘാടനം നിർവ്വഹിച്ചത്. കേൾവിക്കുറവുള്ള കുട്ടികളുടെ ഉന്നമനത്തിനായി ടെക്നോപാർക്ക് മുൻ സി ഇ ഒ ആയിരുന്ന ശ്രീ ജി.വിജയരാഘവന്റെ ആശയമായിരുന്നു നിഷ്-ഉം അതിലെ ഏർലി ഇന്റർവെൻഷൻ സെന്ററും. 3 കുട്ടികളുമായി ആരംഭിച്ച പ്രവർത്തനം, ഇതുവരെ 200-ൽ പരം കുട്ടികളുടെ മുഖ്യധാരാപ്രവേശനത്തിന് വഴിയൊരുക്കി. 200-ൽപരം കുട്ടികൾ ഇപ്പോൾ നിഷ് ഏർലി ഇന്റർവെൻഷൻ സെന്ററിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു.

കുട്ടികളുടെ ഭാഷാ-സംസാര വികസനത്തിന് പിന്തുണയ്ക്കാൻ മാതാപിതാക്കളെ മാത്രമല്ല കുടുംബ ത്തെയൊന്നാകെ തന്നെ സജ്ജരാക്കുന്നു എന്നതാണ് സെന്ററിന്റെ സുപ്രധാന നേട്ടം. കോവിഡ് മഹാമാരിയെ തുടർന്നുള്ള ഓൺലൈൻ ക്ലാസുകൾക്ക് ഇത് വളരെ സഹായകമായി.

കേൾവി പരിശോധനയ്ക്കും, കേൾവിക്കുറവിനു അനുസൃതമായ ഹിയറിംഗ് എയ്ഡ് / കോക്ളിയർ ഇംപ്ലാന്റ് വച്ചതിനും ശേഷമാണ് ഏർലി ഇന്റർവെൻഷനിൽ ഭാഷാ പരിശീലനം ആരംഭിക്കുന്നത്. 3 വയസ്സു വരെയുള്ള കുട്ടികൾക്കാണ് പ്രവേശനം ലഭിക്കുക. രണ്ടോ മൂന്നോ വർഷത്തെ ഭാഷാ പരിശീലനം കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നു. കുട്ടികളുടെ കേൾവി ശക്തിയുടെ തോത്, ശ്രവണസഹായി ഉപയോഗിച്ച് കേൾക്കാനുള്ള ക്ഷമത, മാതാപിതാക്കളുടെ പ്രാപ്തി, താല്പര്യം എന്നിവയ്ക്കനുസരിച്ച് പരിശീലന രീതികൾ തിരഞ്ഞെടുക്കാവുന്നതാണ്. ഓഡിറ്ററി വെർബൽ, ഓഡിറ്ററി ഓറൽ, ഡ്യുവൽ ലാംഗ്വിജ് എന്നിവയാണ് പരിശീലന മാർഗ്ഗങ്ങൾ.

പ്രീസ്കൂൾ പരിശീലനമാണ് ഏർലി ഇന്റർവെൻഷൻ ഡിപ്പാർട്ട്മെന്റിന്റെ മറ്റൊരു സവിശേഷത. നിഷ് ഏർലി ഇന്റർവെൻഷൻ സെന്ററിൽ പരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്കാണ് പ്രീസ്കൂളിൽ പ്രവേശനം ലഭിക്കുക. ഭാഷക്കൊപ്പം, വായന, എഴുത്ത്, ഗണിതം എന്നിവയ്ക്ക് ഇവിടെ പ്രാധാന്യം നല്കുന്നു. 5,6 വയസ്സുവരെ കുട്ടികൾക്ക് പ്രീസ്കൂൾ പരിശീലനം ലഭ്യമാകും.


ശനിയാഴ്ചകളിൽ നടത്തുന്ന തുടർപരിശീലന ക്ലാസുകളാണ് ഈ ഡിപ്പാർട്ട്മെന്റിന്റെ മറ്റൊരു പ്രധാന പ്രവർത്തനം. പ്രീസ്കൂളിൽ നിന്നും മുഖ്യധാരാ വിദ്യാഭ്യാസത്തിനു ചേർന്ന കുട്ടികൾക്കായുള്ള തുടർ പരിശീലനത്തിനും ഏർലി ഇന്റർവെൻഷനിൽ പരിശീലനത്തിനു ചേരാൻ കഴിയാത്ത കുട്ടികൾക്കായുള്ള ഭാഷാപരിശീലന ക്ലാസുകൾക്കുമാണ് വരാന്ത്യത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്.

കോക്ലിയാർ ഇംപ്ലാന്റ്, കൗൺസിലിംഗ്, സൈക്കോളജിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഇ എൻ റ്റി ഡോക്ടർ, നഴ്സിങ്ങ് അസിസ്റ്റൻസ്, ഹിയറിംഗ് എയ്ഡ് ലാബ് തുടങ്ങിയ അനുബന്ധ സേവനങ്ങളും നിഷ്-ലെ വിദ്യാർത്ഥികൾക്കു ലഭ്യമാണ്. ഭാഷയ്ക്കും, സംസാരത്തിനും ഒപ്പം പ്രായാനുസൃതമായ, ശാരീരിക, മാനസിക, ബൗദ്ധിക വികസനത്തിനും നിഷ് സൗകര്യമൊരുക്കുന്നു.

ഏർലി ഇന്റർവെൻഷനിലെ പൂർവ്വ വിദ്യാർത്ഥികൾ, മികച്ച അക്കാഡമിക് നേട്ടങ്ങൾ കൈവരിക്കുന്നതും, ജീവിത വിജയങ്ങൾ നേടുന്നതും ഏർലി ഇന്റർവെൻഷൻ എന്ന പ്രക്രിയയുടെ പ്രാധാന്യം വിളിച്ചോതുന്നു.

അനുഭവക്കുറിപ്പ്

# തളരാത്ത വീര്യം



ശ്രീമതി. സീത
ഹെഡ് ക്ലർക്ക്
പബ്ളിക് വർക്സ് ഡിപ്പാർട്ട്മെന്റ്



ഞാൻ സീത പബ്ളിക് വർക്സ് ഡിപ്പാർട്ട്മെന്റിൽ ഹെഡ് ക്ലർക്ക് ആയി ജോലി ചെയ്തുവരുന്നു. എനിക്ക് മൂന്നു മക്കൾ. മൂത്തത് മകൻ വിഷ്ണു. ഇളയവർ ഇരട്ടകളാണ്. ലക്ഷ്മിയും പാർവ്വതിയും. മൂന്നു പൊന്നോമനകളെ ദൈവം എനിക്കു നല്കിയെങ്കിലും ആ സന്തോഷത്തിനോടൊപ്പം ഒരു ദുഖം കൂടി ചേർത്തുവച്ചിട്ടുണ്ടായിരുന്നു. എന്റെ മൂന്നു മക്കളും ശ്രവണ സംസാര പരിമിതികളോടെയാണ് ജനിച്ചു വീണത്. ശ്രവണ സംസാര പരിമിതിയുള്ള ഒരു കുടുംബ പശ്ചാത്തലമാണ് എന്റേത്. എന്റെ അമ്മയും, അമ്മയുടെ ഒരു സഹോദരനും, സഹോദരിയും കേൾവിക്കുറവുള്ളവരായിരുന്നു. മാത്രമല്ല, ചെറുപ്രായം മുതൽ തന്നെ എന്റെ കേൾവിയും കുറഞ്ഞുവരുന്നുണ്ടായിരുന്നു. എങ്കിലും മക്കൾക്കു മൂന്നു പേർക്കും കേൾവിക്കുറവുണ്ടായത് ഒരു അമ്മയെന്ന നിലയിൽ എന്റെ മനസ്സിനേറ്റ ഏറ്റവും വലിയ ആഘാതമായിരുന്നു. വിധിയുടെ മുന്നിൽ തളർന്നിരിക്കാനുള്ളതല്ലല്ലോ ജീവിതം. ഈശ്വരൻ എല്ലായ്പ്പോഴും കൂടെയുണ്ടെന്നുള്ള ഉത്തമവിശ്വാസം അന്നും, ഇന്നും, എന്നും എന്നോടൊപ്പമുണ്ടായിരുന്നു.

മകന് 7 വയസ്സുള്ളപ്പോഴായിരുന്നു ഇരട്ടപെൺകുട്ടികളുടെ ജനനം. മകൻ ജനിച്ചപ്പോൾ അവന് ഒരു പരിമിതി ഉള്ളതായി ശ്രദ്ധയിൽ പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ മൂന്നു വയസ്സിനു മുൻപ് ഭാഷാപരിശീലനം തുടങ്ങാനും കഴിഞ്ഞില്ല. എന്നാൽ പെൺമക്കൾ ജനിച്ചപ്പോൾ തന്നെ അവരുടെ കേൾവി പരിശോധന നടത്തുകയും നിഷ്–ൽ ഭാഷാപരിശീലനം തുടങ്ങുകയും ചെയ്തു.

അങ്ങനെ പ്രതിസന്ധികളെ ഒന്നൊന്നായി നേരിട്ടു വരുമ്പോഴായിരുന്നു എന്റെ ഭർത്താവിന്റെ അകാലത്തിലുള്ള മരണം. അന്ന് പെൺമക്കൾക്ക് 2 വയസ്സു പ്രായമായതേയുണ്ടായിരുന്നുള്ളു. ഇനി എന്തു ചെയ്യണം എന്നറിയാതെ പതറിപ്പോയ ഒരു സമയമായിരുന്നു അത്. ഓരോ കഠിന വേദനകളും നല്കി ദൈവം എന്നെ പരീക്ഷിച്ചുകൊണ്ടിരുന്നെങ്കിലും എല്ലാ പ്രതിസന്ധികളേയും തരണം ചെയ്യാനുള്ള മനശ്ശക്തി ദൈവം എന്നിൽ അവശേഷിപ്പിച്ചിരുന്നു. മക്കളെ സംരക്ഷിക്കുക, അവർക്കു വേണ്ടി ജീവിക്കുക അതു മാത്രമായി ഊണിലും ഉറക്കത്തിലും എന്റെ ലക്ഷ്യം. സാമ്പത്തികമായും, മാനസികമായും വളരെ വെല്ലുവിളികൾ നേരിടേണ്ടിവന്ന സമയങ്ങളായിരുന്നു പിന്നീടങ്ങോട്ടുണ്ടായിരുന്നത്.

കുഞ്ഞുങ്ങളുടെ നിഷ്–ലെ പഠനത്തിന് നിഷ് അധ്യാപകർ തന്നെ മുൻകൈ എടുത്തു. 5 വയസ്സുവരെ അവിടെ നിന്നും കിട്ടിയ പരിശീലനം അവരിൽ നല്ലരീതിയിൽ പുരോഗമനം ഉണ്ടാക്കി.

പിന്നീടങ്ങോട്ടുണ്ടായിരുന്ന ഓരോ കാലഘട്ടങ്ങളിലും വഴികൾ കാട്ടിത്തന്നു സർവ്വേശ്വരൻ കൂടെയുണ്ടായിരുന്നു. ആ അനുഗ്രഹത്താൽ മക്കൾ മൂവരും മിടുക്കരായി പഠിച്ചു വളർന്നു. ഞാനും പബ്ളിക് വർക്സ് ഡിപ്പാർട്ട്മെന്റിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു.

കുഞ്ഞുങ്ങളുടെ ശ്രവണപരിമിതികൾ കാരണം സമൂഹത്തിലെ ചിലരിൽ നിന്നും ഒറ്റപ്പെടുത്തലുകളും, പ്രശ്നങ്ങളുമൊക്കെയുണ്ടായപ്പോഴും, അമ്മയെന്ന നിലയിൽ അവർക്ക് ആത്മ വിശ്വാസവും പിന്തുണയും നല്കി ഞാനൊപ്പം നിന്നു. നമ്മുടെ അവസ്ഥ മനസ്സിലാക്കി മുന്നോട്ടു പോകാനും മനക്കരുത്തുണ്ടെങ്കിൽ ഏതു പ്രതിസന്ധികളെയും നേരിടാനാവുമെന്നും എന്റെ ജീവിതാനുഭവങ്ങൾ ചൂണ്ടിക്കാട്ടി ഞാൻ ഉപദേശിക്കുമായിരുന്നു.

പ്രതിസന്ധികളും പരിമിതികളുമൊന്നും ജീവിത വിജയത്തിന് ഒരു തടസ്സമാവില്ല. പരീക്ഷണങ്ങളെ പതറാതെ നേരിടുന്നവരെ നിശ്ചയമായും തിളക്കമാർന്ന വിജയങ്ങൾ കാത്തിരിക്കുന്നുണ്ട്. എന്റെ മകൻ ബി.ടെക് ബിരുദധാരിയായി. ഇപ്പോൾ പബ്ളിക് വർക്സ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റൻറ് എൻജിനീയറായി ജോലി ചെയ്യുന്നു. പെൺമക്കളിൽ ഒരാൾ തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിൽ എം.ടെക് ചെയ്യുന്നു. മറ്റെയാൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി അസിസ്റ്റന്റ് എൻജിനീയറായി താല്ക്കാലിക നിയമനം ലഭിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിൽ ജോലി ചെയ്യുന്നു.

തിരിഞ്ഞു നോക്കുമ്പോൾ വഴികളൊക്കെയും അതി കഠിനമായിരുന്നുവെങ്കിലും ഒരിടത്തും കാലിടറി തളർന്നു പോകാതെ ഈശ്വരൻ എന്നെ കാത്തു. അമ്മ എന്ന നിലയിലും, വ്യക്തി എന്ന നിലയിലും ഇവിടം വരെ എത്തിയതിൽ മനസ്സു നിറഞ്ഞ ചാരിതാർത്ഥ്യം.

ഓരോ വിഷമഘട്ടങ്ങളിലും സഹായഹസ്തങ്ങളുമായി കൂടെ നിന്നു പിന്തുണച്ച എല്ലാവരെയും ഹൃദയം നിറഞ്ഞ നന്ദിയോടെ ഞാൻ ഓർക്കുന്നു. നിങ്ങൾ തന്ന സ്നേഹത്തിന്, സഹായങ്ങൾക്ക്...നന്ദി.

മാതൃകയാക്കാം ഈ സ്ഥാപനങ്ങളെ...

# സ്നേഹതീരം മാനസിക-സാമൂഹിക പുനരധിവാസകേന്ദ്രം



ഉതിരക്കുഴി,മിതൃമ്മല, തിരുവനന്തപുരം – 695610

മനസ്സിന്റെ താളം തെറ്റി തെരുവുകളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന സഹോദരിമാർക്കും അമ്മമാർക്കും അഭയം നൽകി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സിസ്റ്റർ റോസിലിൻ 2002 സെപ്തംബർ 26 ന് കൊല്ലം ജില്ല യിലെ പത്തനാപുരം താലൂക്കിൽ വിളക്കുടിയിൽ ആരം ഭിച്ചതാണ് സ്നേഹതീരം. 3 അന്തേവാസികളുമായാണ് സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. തെരുവിൽ അലയുന്ന മനോനിലതെറ്റിയ സ്ത്രീകളെ സ്നേഹപരിചരണത്തോടെ ചികിത്സയും ശുശ്രൂഷയും നൽകി പുനരധിവസിപ്പിച്ചാൽ ജീവിതത്തിലേക്കും പൊതു സമൂഹത്തിലേക്കും തിരികെ കൊണ്ട് വരാം എന്ന വീക്ഷ ണത്തോട് കൂടി ആണ് സ്നേഹതീരം പ്രവർത്തിക്കുന്നത്



ബസ് സ്റ്റാൻഡുകൾ, റയിൽവേ സ്റ്റേഷനുകൾ എന്നിവിട ങ്ങളിൽ മനോനിലതെറ്റി എത്തിപ്പെടുന്നവർ, അന്യ സംസ്ഥാനക്കാർ, ബന്ധുക്കളാലും മറ്റും ഉപേക്ഷിക്കപ്പെടു ന്നവർ, ഒറ്റപ്പെടലുകളും പീഡനങ്ങളും ഏറ്റുവാങ്ങേണ്ടി വന്നവർ, സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളായ തിരു വനന്തപുരം (ഊളംപാറ), തൃശൂർ, കുതിരവട്ടം എന്നിവിട ങ്ങളിൽ അസുഖം ഭേദമായിട്ടും ഏറ്റെടുക്കാതെ ഉപേക്ഷി ക്കപ്പെട്ടവർ തുടങ്ങിയവരെയാണ് സ്നേഹതീരത്ത് സംരക്ഷിച്ച് പുനരധിവസിപ്പിക്കുന്നത്.

ജനപ്രതിനിധികൾ, പോലീസ്, സന്നദ്ധ–സാമൂഹ്യപ്ര വർത്തകർ എന്നിവരാണ് പ്രധാനമായും നിരാലംബരും നിരാശരുമായ അഗതികളായ സ്ത്രീകളെ കണ്ടെത്തി ഇവിടെ എത്തിക്കുന്നത്. സ്നേഹതീരത്ത് എത്തിക്കുന്ന അതിഥികളെ പ്രാഥമിക ചികിത്സക്ക് വിധേയമാക്കിയ ശേഷം പുനരധിവാസ പ്രക്രിയ ആരംഭിക്കുന്നു. ഇതിലൂടെ രോഗിയെ ശാരീരികമായും മാനസികമായും സാമൂഹിക



ജീവിതം നയിക്കുവാൻ പ്രാപ്തിയുള്ളവരാക്കി തീർക്കുന്നു. അതിനോടൊപ്പം സിസ്റ്റേഴ്സിന്റെ നേതൃത്വ ത്തിൽ വിദഗ്ദധരായ ഡോക്ടർമാരുടെയും സൈക്ക്യാ ട്രിക്ക് സോഷ്യൽവർക്കേഴ്സിന്റെയും നഴ്സുമാരുടെയും സഹായത്തോടു കൂടി ചികിത്സയും സൈക്കോതെറാപ്പി, കൗൺസിലിംഗ് എന്നിവയും നൽകിവരുന്നു. ഇതിലൂടെ ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് അവരെക്കൊണ്ട് തന്നെ പരിഹാരം കണ്ടെത്തുവാനും സ്വന്തം ജീവിത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുവാനും സാധിക്കുന്നു.

പ്രാർത്ഥന, മെഡിറ്റേഷൻ, യോഗ എന്നിവയും തൊഴിലധിഷ്ഠിത പുനരിവാസപ്രവർത്തനങ്ങളും സ്നേഹ തീരത്തിന്റെ മുഖമുദ്രയാണ്.കാർപ്പറ്റ്, ജപമാല, അലങ്കാര മാലകൾ, സോപ്പ് എന്നിവയുടെ നിർമ്മാണത്തിനായി അന്തേവാസികളെ പരിശീലിപ്പിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറിത്തോട്ടം, പൂന്തോട്ട നിർമ്മാണം, വളർത്തുമൃഗങ്ങളുടെ പരിപാലനം എന്നിവയെല്ലാം അംഗങ്ങളുടെ ദിനചര്യയുടെ ഭാഗമാണ്. ഇത് മാനസിക പിരിമുറുക്കങ്ങളിൽ നിന്നും മുക്തി നേടുവാൻ അവരെ വളരെയധികം സഹായിക്കുന്നു. ഇതു കൂടാതെ തയ്യൽ യൂണിറ്റ്, ലൈബ്രറി എന്നിവയും സനേഹതീരത്തിന്റെ

പ്രത്യേകതകളാണ്. കലാ കായിക പരിശീലനം ബോധ വൽക്കരണ ക്ലാസുകൾ വിനോദയാത്രകൾ എന്നിവയെല്ലാം സ്നേഹതീരം അംഗങ്ങൾക്കായി സംഘടിപ്പിക്കുന്നു.

## സൈക്കോ-സോഷ്യൽ റഫറൻസ് സെന്റർ

സൈക്യാട്രിക്ക് സോഷ്യൽ വർക്കേഴ്സിനും സൈക്യാ ട്രിക്ക് നഴ്സസിനും സദ്ധപ്രവർത്തകർക്കും നഴ്സിംഗ് വിദ്യാർത്ഥികൾക്കും രോഗീപരിചരണത്തിലും സന്നദ്ധ സേവനങ്ങൾക്കും ഹ്രസ്വകാല പരിശീലനം നൽകുന്നു.

ഏകദേശം 70 ഓളം അന്തേവാസികളുമായി 2016 ജനുവരി 30 ന് ആരംഭിച്ച സ്നേഹതീരം മാനസിക - സാമൂഹിക പുനരധിവാസകേന്ദ്രത്തിൽ ഇന്ന് ജാതിമത ഭേദമെന്യ ഭാരതത്തിന്റെ നാനാഭാഗങ്ങളിലുള്ള 70 ഓളം അന്തേവാസി കൾ ഒരുമയോടെ കഴിഞ്ഞു വരുന്നു.





















# ഭിന്നശേഷി സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ : എന്ത് ? എങ്ങനെ ?

കേന്ദ്ര ഭിന്നശേഷി നിയമം 2016 സെക്ഷൻ 50 പ്രകാരം ഏതൊരു വ്യക്തിയും ഒരു നിയുക്ത അധികാരി (Competent Authority) നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൂടാതെ ഭിന്നശേഷിക്കാരായ വ്യക്തികൾക്കു വേണ്ടിയുള്ള ഒരു സ്ഥാപനം ആരംഭിക്കുകയോ നടത്തിക്കുകയോ ചെയ്യാൻ പാടില്ല. (എന്നാൽ മെന്റൽ ഹെൽത്ത് ആക്ട് 2017 സെക്ഷൻ 65 പ്രകാരം സാധുതയുള്ള (valid) ഒരു ലൈസൻസിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മാനസിക വെല്ലുവിളികളുള്ള വ്യക്തികളെ സംരക്ഷിക്കുന്ന സ്ഥാപനത്തിന് ഈ രജിസ്ട്രേഷൻ ആവശ്യമില്ല). ടി നിയമം സെക്ഷൻ 49–ൽ സംസ്ഥാന ഗവൺമെന്റിന് അനുയോജ്യമെന്ന് കരുതുന്ന ഒരു അധികാരിയെ ഈ ആവശ്യത്തിലേക്ക് നിയുക്ത അധികാരി ആയി നിയമിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി അവകാശ ചട്ടം 2020 റൂൾ 12(1) പ്രകാരം സാമൂഹിക നീതി വകുപ്പ് ജോയിന്റ് ഡയറക്ടറെ ഭിന്നശേഷി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള നിയുക്ത അധികാരി ആയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ അപ്പീൽ അധികാരി ആയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ പരിശീലനം, തൊഴിൽ നൈപുണ്യം, പുനരധിവാസം, ചികിത്സ എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കെയർ ഹോമുകൾ, ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, വിവിധ തെറാപ്പി സെന്ററുകൾ, സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ എല്ലാ വിഭാഗത്തിലുമുള്ള സ്ഥാപനങ്ങളും സാമൂഹ്യനീതി വകുപ്പിന്റെ രജിസ്ട്രേഷൻ നേടിയിരിക്കണം.

ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിനായി ഓരോ വിഭാഗത്തിലുമുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേകം മിനിമം സ്റ്റാൻഡേർഡ് ഗൈഡ് ലൈൻസ് (മാർഗ്ഗരേഖ) അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും പൊതുവായ ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിന് സർക്കാർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുവരെ അതാത് സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും ഇതുവരെ മാർഗ്ഗ രേഖ നിശ്ചയിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് G.O (MS) No.28/2013/SJD തീയതി 25/03/2013 പ്രകാരമുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡമാക്കുന്നതിന് സ.ഉ.(സാധാ)നം. 673/2020/സാ.നീ.വ തീയതി 27/11/2020 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് 18 വയസ്സിൽ താഴെ പ്രായമുള്ള മാനസികമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും അന്ധത, ബധിരത തുടങ്ങിയ അംഗപരിമിതികളുള്ള കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന **സ്പെഷ്യൽ സ്കൂളുകൾ**, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 18 വയസ്സിൽ താഴെ പ്രായം വരുന്ന കുട്ടികൾക്കായുള്ള **ബഡ്സ് സ്കൂൾ**, 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള **ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ (BRC)** എന്നീ സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പായിരുന്നു രജിസ്ട്രേഷൻ നൽകിയിരുന്നത്. എന്നാൽ G.O(P)No.03/2020/SJD തീയതി 28/03/2020 ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് വേണ്ടിയുള്ള എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നൽകുന്നതിനുള്ള നിയുക്ത അധികാരിയായി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടി സ്ഥാപനങ്ങളും സാമൂഹ്യനീതി വകുപ്പിന്റെ രജിസ്ട്രേഷൻ ലഭ്യമാക്കിയേ പ്രവർത്തിക്കാൻ പാടുള്ളൂ. സംസ്ഥാനത്ത് 7 ബഡ്സ് സ്കൂളുകളിലായി 5126 ഭിന്നശേഷിയുള്ള കുട്ടികളും 165 BRCകളിലായി 4419 കുട്ടികളും അഡ്മിഷൻ നേടിയിട്ടുണ്ട്.

**രജിസ്ട്രേഷൻ നടപടിക്രമങ്ങൾ:-**

1. ഭിന്നശേഷി അവകാശ ചട്ടം 2020 റൂൾ 13–ൽ രജിസ്ട്രേഷൻ സംബന്ധിച്ച നടപടിക്രമങ്ങളെ സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. റൂൾ 13(1) പ്രകാരമുള്ള ഫോറം 1-ലാണ്

അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരമോ ട്രസ്റ്റ് ആകട് പ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റ്, മെമ്മോറാം ഓഫ് അസോസിയേഷൻ, ബൈലാ, ഗവേണിംഗ് ബോഡി ലിസ്റ്റ്, ഓഫീസ് ഭാരവാഹികളുടെ ലിസ്റ്റ് , തൊട്ട് മുൻപുള്ള 2 വർഷത്തെ വാർഷിക റിപ്പോർട്ട്, 3 വർഷത്തെ ബാലൻസ്ഷീറ്റ്, സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ്, ബിൽഡിംഗ് പ്ലാൻ / ലേ ഔട്ട് , സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, സ്റ്റാഫിന്റെ വ്യദ്യാഭ്യാസ യോഗ്യത, RCI രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ, താമസക്കാരുടെ വിവരങ്ങൾ, ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ വിവരങ്ങൾ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

2. അപേക്ഷ ലഭിച്ചാൽ ചട്ടം 14 പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ 5 അംഗ ഇൻസ്പെക്ഷൻ ടീം സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ, നിലവാരം ഭൗതിക ചുറ്റുപാട് തുടങ്ങിയവ സംബന്ധിച്ച് പരിശോധന നടത്തി പുതിയ രജിസ്ട്രേഷ നാണെങ്കിൽ 90 ദിവസത്തിനുള്ളിലും രജിസ്ട്രേഷൻ പുതുക്കാനുള്ളതാണെങ്കിൽ 60 ദിവസത്തിനുള്ളിലും Form II ലുള്ള സർട്ടിഫിക്കറ്റ് അനുവദിക്കും.

3. സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യം സംബ ന്ധിച്ച് ബോധ്യം വരാത്ത പക്ഷം നിശ്ചിത സമയത്തി നുള്ളിൽ (പരമാവധി 90 ദിവസം) നിർദ്ദേശിക്കപ്പെട്ട സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന് നോട്ടീസ് നൽകേണ്ട താണ്.

4. സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യാത്ത പക്ഷം പ്രസ്തുത സർട്ടിഫിക്കറ്റിന് 3 വർഷത്തെ കാലാവധി ഉണ്ടായിരിക്കും.

5. നിയുക്ത അധികാരി അപേക്ഷ നിരസിക്കുന്ന പക്ഷം ആയതിനുള്ള കാരണം 7 ദിവസത്തിനുള്ളിൽ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

6. രജിസ്ട്രേഷൻ പുതുക്കലിനുള്ള അപേക്ഷ കാലാവധി അവസാനിക്കുന്നതിന് 6 മാസം മുമ്പ് സമർപ്പിച്ചിരിക്കേണ്ടതാണ്.

**അപ്പീൽ നൽകൽ- റൂൾ 16**

ഏതെങ്കിലും സ്ഥാപനത്തിന്റെ രജിസ്ട്രേഷനുള്ള അപേക്ഷ നിരസിക്കപ്പെട്ടാൽ ടി ഉത്തരവ് കൈപ്പറ്റി 30 ദിവസത്തി നുള്ളിൽ അപേക്ഷകന് അപ്പലേറ്റ് അതോറിറ്റി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്. അപ്പലേറ്റ് അതോറിറ്റി സ്വയമോ ചുമതലപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ/ടീം ഉദ്യോഗസ്ഥർ മുഖേനയോ അന്വേഷണം നടത്തേണ്ടതും എടുക്കുന്ന തീരുമാനം സംബന്ധിച്ച് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

അപ്പീൽ അപേക്ഷ ലഭിച്ചാൽ 60 ദിവസത്തിനുള്ളിൽ അത് തീർപ്പാക്കേണ്ടതാണ്. അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനം അന്തിമം ആയിരിക്കും.

ഓരോ വിഭാഗം സ്ഥാപനങ്ങൾക്കും അംഗീകരിച്ചിട്ടുള്ള മിനിമം സ്റ്റാൻഡേർഡ് ഗൈഡ് ലൈൻസ് സംബന്ധിച്ച പ്രധാന ഉത്തരവുകൾ.

1. സ.ഉ(എം.എസ് )നം.148/09/ത.സ്വ .ഭ തീയതി 29/07/2009
2. സ.ഉ(എം.എസ്)നം.144/2013/ത.സ്വ.ഭതീയതി 06/04/2013
3. സ.ഉ(എം.എസ്)നം.20/2018/ത.സ്വ .ഭ തീയതി 07/02/2018

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ബഡ്സ് സ്പെ ഷ്യൽ സ്കൂൾ / ബഡ്സ് റീഹാബിലിറ്റെഷൻ സെന്ററുകൾ എന്നിവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

4. G.O(Rt)No.511/12/SJD Dt: 21.11.12

മാനസിക വെല്ലുവിളികളുള്ള വ്യക്തികളെ പരിപ ാലിക്കുന്ന സ്ഥാപനങ്ങൾക്ക് വേണ്ട മിനിമം സ്റ്റാൻഡേർഡ്സ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

5. സ.ഉ(കൈ)നം.133/19/പൊ.വി.വ, തീയതി: 30.8.2019

18 വയസ്സിൽ താഴെയുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നൽകുന്ന സ്പെഷ്യൽ സ്കൂളുകൾക്കുള്ള മാർഗ്ഗരേഖ അംഗീകരിച്ചുള്ള ഉത്തരവാണിത്. സംസ്ഥാനത്ത് N.G.Os നടത്തുന്ന 253 സ്കൂളുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന 342 ബഡ്സ് സ്കൂളുകളും 325 സ്പെഷ്യൽ സ്കൂളുകളും നിലവിലുണ്ട്. 18 വയസ്സിൽ താഴെയുള്ള മിനിമം 20 കുട്ടികൾ പഠിക്കുന്ന സ്കൂളിനാണ് രജിസ്ട്രേഷൻ നൽകി വരുന്നത്. രജിസ്ട്രേഷൻ ലഭിച്ച 45 സ്കൂളുകൾക്ക് DDRS സ്കീം അനുസരിച്ച് കേന്ദ്ര ഫണ്ട് കിട്ടുന്നുണ്ട്. ബാക്കി സ്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേന ധനസഹായം നൽകി വരുന്നു.

6. സ.ഉ(പി)നം.5/2020/സാ.നീ.വ, തീയതി 11.6.2020

ഭിന്നശേഷിക്കാരുടെ പ്രത്യേകിച്ച് കുട്ടികളുടെ ഭിന്നശേഷിത്വം (disability) ചികിത്സിക്കുന്നതിനും അതിന്റെ തീവ്രത കുറയ്ക്കുന്നതിനും വിവിധ തരത്തിലുള്ള തെറാപ്പികൾ വളരെയധികം സഹായിക്കുന്നുണ്ട്. ഓരോ വിഭാഗം സെൻ്ററുകൾക്കും മിനിമം സ്റ്റാൻഡേർഡ് ഗൈഡ് ലൈൻസ് അംഗീകരിച്ച് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിസിയോതെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, സ്പീച്ച് & ലാംഗ്വേജ് തെറാപ്പി, ഫിസിയോളജിക്കൽ തെറാപ്പി എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന തെറാപ്പി സെന്ററുകൾക്ക് പ്രത്യേകം നിബന്ധനകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ | സാമൂഹ്യനീതി വകുപ്പ്



2020 ഡിസംബർ 3

# “ ഉണർവ് 2020 ”

## അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം



ഈ വാർത്താപത്രികയെക്കുറിച്ചുള്ള നിങ്ങളുടെ
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
sjdsuneethi@gmail.com
എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുക.



"ഒരാൾ കുറ്റകൃത്യം ചെയ്യുന്നത്
മനസ്സിന്റെ രോഗാവസ്ഥ മൂലമാണ്.
രോഗം ചികിത്സിച്ചു മാറ്റാവുന്നതാണ്.
രോഗികളെ ചികിത്സിക്കുകയും പരിചരിക്കുകയും
ചെയ്യുന്ന ഡോക്ടറെയും, നേഴ്സിനേയും പോലെ
കുറ്റവാളിയുടെ മാനസികാരോഗ്യം വീണ്ടെടുക്കുന്ന
രീതിയിലാവണം അവരോട് പെരുമാറേണ്ടത്.
ഇതിന് സഹായമാകുന്ന നിയമനിർമ്മാണം സ്വതന്ത്ര
ഇന്ത്യയിലെ ഭരണകർത്താക്കൾ നടത്തേണ്ടതുണ്ട്."

മഹാത്മാഗാന്ധി

The Probation of Offenders Act 1958 | നല്ലനടപ്പുനിയമം 1958


കേരള സർക്കാർ
**സാമൂഹ്യ നീതി വകുപ്പ്**
**ജില്ലാ പ്രൊബേഷൻ ഓഫീസ്**
കോടതി സമുച്ചയം, കച്ചേരിപ്പടി
മഞ്ചേരി, മലപ്പുറം ജില്ല-676121
probationofficempm@gmail.com
Phone: 04832970066



Printed at Sree Chitra Home, Thiruvananthapuram, Copies: 1000
For subscription enquiries, contact: Director, Directorate of Social Justice, Vikas Bhavan, Thiruvananthapuram-695033
Ph: 0471- 2306040, E-mail: sjdsuneethi@gmail.com